**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 176** **30-09-2025 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളുടെ സൗകര്യങ്ങൾ ഉയർത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ വികസനത്തിന് കാര്യക്ഷമമായ ഇടപെടൽ നടത്തി വരുന്നു.<br><br>ടി വിഭാഗങ്ങളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളും നടത്തുന്നുണ്ട്.<br><br>സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഓരോ സർക്കാർ മെഡിക്കൽ കോളേജിലും സ്വീകരിച്ച നടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.<br><br><u>തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്</u><br><br>ന്യൂറോളജി വിഭാഗത്തിൽ പക്ഷാഘാത രോഗ ചികിത്സക്കായി ആധുനിക സംവിധാനത്തോടെയുള്ള സ്ട്രോക് ഐ സി യു 0.97 കോടി രൂപ ചെലവിൽ സജ്ജീകരിച്ചിരിക്കുന്നു<br><br>തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ നിലവിലുള്ള മൂന്ന് കാത്ത് ലാബുകൾ (ന്യൂറോ, കാർഡിയോളജി, ഇന്റർവെൻഷണൽ |

റേഡിയോളജി), എസ്.എ.റ്റി ആശുപത്രിയിലെ പീഡിയാട്രിക് കാത്ത് ലാബ് എന്നിവയ്ക്ക് പുറമേ 8.5 കോടി jമുതൽ മുടക്കി KHRWS കാത്ത് ലാബ് സ്ഥാപിച്ചു

സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരം അനുബന്ധമായ ശ്രീ. അവിട്ടം തിരുനാൾ ആശുപത്രിയിലെ പീഡിയാട്രിക്ക് ഗാസ്ട്രോ എന്ററോളജി യൂണിറ്റിന് കീഴിൽ രോഗികളുടെ ചികിത്സാ നിർണ്ണയത്തിനു വേണ്ടി പുതുതായി ഗ്യാസ്ട്രോ എൻഡോസ്കോപ്പി യൂണിറ്റ് പ്രവർത്തനസജ്ജമായി. വിഭാഗത്തിന് കീഴിൽ പുതുതായി പിജി കോഴ്സുകൾ ആരംഭിക്കുന്നതിനായി ഒരു പ്രൊഫസർ തസ്തിക സൃഷ്ടിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ബേൺസ് യൂണിറ്റിനോടൊപ്പം സ്കിൻ ബാങ്കിന്റെ നിർമ്മാണം പൂർത്തിയായി .

സി.റ്റി ആൻജിയോഗ്രാം (GMCH) മസ്തിഷ്ക രോഗങ്ങളെക്കുറിച്ചും മസ്തിഷ്ക സിരാ ധമനികളുടെ ഘടനയും വിശകലനം ചെയ്തു പഠിക്കുന്നതിനും അതിലൂടെ രോഗികൾക്ക് കൃത്യതയാർന്ന രോഗനിർണ്ണയം സാധ്യമാക്കുന്നതിനും ഉതകുന്ന സി.ടി ആൻജിയോഗ്രാഫി മെഷീൻ ന്യൂറോളജി വിഭാഗത്തിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചു. 4.4 കോടി രൂപ ചെലവിൽ സ്ഥാപിച്ചിരിക്കുന്ന പ്രസ്തുത സംവിധാനം അത്യാസന്ന നിലയിൽ എത്തുന്ന രോഗികൾക്ക് അതിവേഗ രോഗനിർണ്ണയത്തിനുതകുമാറ് കാഷ്വാൽറ്റി വിഭാഗത്തിന് സമീപം സജ്ജീകരിച്ചിരിക്കുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി ആശുപത്രിയിലെ യൂറോളജി, നെഫ്രോളജി വിഭാഗങ്ങളിലെ കുട്ടികൾക്കും മുതിർന്നവർക്കും ആവശ്യമായ രോഗനിർണ്ണയം നടത്തുന്നതിനു ഉപയോഗപ്രദമാകുന്ന യൂറോ ഡയനാമിക്സ് സ്റ്റഡി സെന്റർ ലാബിന്റെ പ്രവർത്തനം 2025 മെയ് മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. ഈ ലാബ് ഒരുക്കുന്നതിനായി ഏകദേശം ഒന്നരക്കോടിയോളം രൂപ ആണ് ചെലവായത്. 6-ഹീമോഡയാലിസിസ് മെഷീൻ ഉള്ള ഒരു യൂണിറ്റും 12 പുതിയ ഹീമോഡയാലിസിസ് മെഷീൻ ഉള്ള മറ്റൊരു യൂണിറ്റും പ്രവർത്തനസജ്ജമാണ്. ഈ ഹീമോഡയാലിസിസ് യൂണിറ്റ് കേരളത്തിലെ സ്വകാര്യ പൊതുമേഖലയിൽ കുട്ടികൾക്ക് മാത്രമായുള്ള ഏക സംവിധാനം ആണ് .

ന്യൂറോ കാത്ത് ലാബ്: മസ്തിഷ്കത്തിലെ രക്തക്കുഴലുകളിൽ ഉണ്ടാകുന്ന തടസ്സങ്ങൾ ഉൾപ്പെടെ

രോഗനിർണ്ണയം നടത്തി ചികിത്സ നൽകുവാനുതകുന്ന ലോകോത്തര സംവിധാനമാണ് ന്യൂറോ കാത്ത് ലാബ് 5.15 കോടി രൂപ ചെലവിൽ സജ്ജീകരിച്ചിരിക്കുന്നു.

കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയ വിഭാഗം (SATH) കുട്ടികളിലെ ഹൃദ്രോഗ ശസ്ത്രക്രിയ ചികിത്സക്കായി നൂതന സംവിധാനത്തോടെ പീഡിയാട്രിക് ഹൃദ്രോഗ ശസ്ത്രക്രിയാ വിഭാഗം ആരംഭിച്ചു.

<u>സർക്കാർ മെഡിക്കൽ കോളേജ് ആലപ്പുഴ</u>

173.18 കോടി രൂപയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു,

സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ കാർഡിയോളജി, ഗ്യാസ്ട്രോളജി, ന്യൂറോമെഡിസിൻ, നെഫ്രോളജി, പ്ലാസ്റ്റിക് സർജറി, യൂറോളജി എന്നീ വിഭാഗങ്ങളുടെ മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനം നടന്നുവരുന്നു.

കാർഡിയോളജി വിഭാഗത്തിനായി 3 ഡി മാപ്പിങ്ങ് സൗകര്യങ്ങളോടുകൂടിയ നൂതന കാത്ത് ലാബ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നവീന രീതിയിലുള്ള എക്കോ, ടി.എം.ടി., ഇ.സി.ജി., ഹോൾട്ടർ എന്നീ സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. PMR വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ നവീകരണത്തിനായി Institute of Rehabilitation in Medi Care Alappuzha യുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

യൂറോളജി വിഭാഗത്തിൽ ആധുനിക ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട്. 2021 -ൽ ഒരു കോടി വിലമതിക്കുന്ന 3D, 4K Laparoscopy സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

റേഡിയോഡയഗ്നോസിസ് വിഭാഗത്തിന്റെ കീഴിൽ നൂതനമായ DSA machine, Digital Fluoroscopy machine എന്നിവ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ സ്ഥാപിച്ചിട്ടുണ്ട്.

<u>സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം</u>

സ.ഉ(സാധാ) നം. 2752/2018/ആ.കു.വ തീയതി 06.09.2018 പ്രകാരം മോഡേണൈസേഷൻ ഓഫ് ഗവ. മെഡിക്കൽ കോളേജ് കോട്ടയം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി മുഖേന നിർമ്മിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് കെട്ടിടത്തിന് 276.95 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകി. ഈ പണികളുടെ എസ്.പി.വി

| | | | |
|---|---|---|---|
| | | | (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയ ഹൈറ്റ്സിനെയാണ് നിയോഗിച്ചിരിക്കുന്നത്. ടി കെട്ടിടത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു.<br><br>200 കിടക്കകളുള്ള കാർഡിയോളജി ബ്ലോക്ക് നിർമ്മാണം: നബാർഡ് ട്രാഞ്ചെ 26 മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതി നിലവിൽ പൂർത്തീകരണ ഘട്ടത്തിലാണ്. G.O (Rt)No.1699/2020/H&FWD Dtd;18/09/2020 പ്രകാരം Rs.3641.84 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ നിർമ്മാണ ഏജൻസി ഹൈറ്റ്സ് ആണ്. 200 കിടക്കകൾ, 3 ഓപ്പറേഷൻ തീയറ്റർ, ICU കോംപ്ലക്സ് എന്നിവ ഈ കെട്ടിടത്തിൽ ഉൾപ്പെടുന്നു.<br><br><u>സർക്കാർ മെഡിക്കൽ കോളേജ് എറണാകുളം:</u><br><br>എറണാകുളം മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി സാമ്പത്തിക സഹായത്തോടെ 285.31 കോടി രൂപ മുതൽ മുടക്കിൽ 8 നിലകളിലായി 683 കിടക്കകളുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനസജ്ജമാകുന്നതോടെ Gynaecology, Paediatric Surgery, OMFS, Urology, Nephrology, Gastro, Cardiology, Cardio Thoracic Surgery, Neuro Surgery, PMR, Transfusion Medicine എന്നീ വിഭാഗങ്ങൾ പ്രവർത്തന സജ്ജമാകും.<br><br><u>സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്</u><br><br>കോഴിക്കോട് മെഡിക്കൽ കോളേജിൽ സർജ്ജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായി 195.93 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br><br>ന്യൂറോളജി വിഭാഗത്തിന്റെ ശാക്തീകരണത്തിനായി പുതിയ സ്ട്രോക്ക് സെന്റർ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും, പണികൾ പൂർത്തിയായി വരികയും ചെയ്യുന്നു |
| (സി) | കേരളത്തിലെ എല്ലാ ജില്ലയിലും മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ; | (സി) | കേരളത്തിലെ എല്ലാ ജില്ലയിലും, മെഡിക്കൽ കോളേജുകൾ സ്ഥാപിച്ചിട്ടുണ്ട്. എം.ബി.ബി.എസ് കോഴ്സുകൾ ആരംഭിക്കുന്നതിനായി എൻ.എം.സി. യുടെ അനുമതി ലഭ്യമാകേണ്ടിയിരുന്ന വയനാട്, കാസറഗോഡ് എന്നീ മെഡിക്കൽ കോളേജുകളിൽ |

| | | | |
|---|---|---|---|
| | | | തീയതി: 02.09.2025 പ്രകാരം കാസറഗോഡ് സർക്കാർ മെഡിക്കൽ കോളേജിലും, N-22011/152/2025-Ass.-Cell/MARB (8344009) തീയതി: 02.09.2025 പ്രകാരം വയനാട് സർക്കാർ മെഡിക്കൽ കോളേജിലും, 50 സീറ്റോടുകൂടിയ പുതിയ എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുന്നതിനു ലെറ്റർ ഓഫ് പെർമിഷൻ (LOP) നൽകി നാഷണൽ മെഡിക്കൽ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 2025 – 2026 അദ്ധ്യയന വർഷം മുതൽ എം.ബി.ബി.എസ് ക്ലാസുകൾ ആരംഭിക്കുന്നതിനും അനുമതിയും നൽകിയിട്ടുണ്ട്. അഡ്മിഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | എം. ആർ. സി. മാനദണ്ഡങ്ങൾ അനുസരിച്ച് മെഡിക്കൽ കോളേജുകളുടെ സൗകര്യങ്ങൾ ഉയർത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | എൻ.എം.സി. മാനദണ്ഡങ്ങൾ അനുസരിച്ചാണ് മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ അനുസരിച്ച പുതിയ മെഡിക്കൽ കോളേജുകളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളും, മാൻ പവറും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 176** **30.09.2025-ൽ മറുപടിക്ക്**

**മെഡിക്കൽ കോളേജുകളുടെ സൗകര്യങ്ങൾ ഉയർത്തുന്നതിനുള്ള നടപടികൾ**

**ചോദ്യം**

ശ്രീമതി യു പ്രതിഭ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ വി കെ പ്രശാന്ത്

ശ്രീ. കെ.കെ. രാമചന്ദ്രൻ :

**മറുപടി**

**വീണാ ജോർജ്**

(ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ വികസനത്തിന് കാര്യക്ഷമമായ ഇടപെടൽ നടത്തി വരുന്നു.<br>ടി വിഭാഗങ്ങളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളും നടത്തുന്നുണ്ട്.<br>സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഓരോ സർക്കാർ മെഡിക്കൽ കോളേജിലും സ്വീകരിച്ച |

| | | | |
|---|---|---|---|
| | | | നടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്<br><br>• ന്യൂറോളജി വിഭാഗത്തിൽ പക്ഷാഘാത രോഗ ചികിത്സക്കായി ആധുനിക സംവിധാനത്തോടെയുള്ള സ്ട്രോക് ഐ സി യു 0.97 ചെലവിൽ കോടി രൂപ സജ്ജീകരിച്ചിരിക്കുന്നു<br><br>• തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ നിലവിലുള്ള മൂന്ന് കാത്ത് ലാബുകൾ (ന്യൂറോ, കാർഡിയോളജി, ഇന്റർവെൻഷണൽ റേഡിയോളജി), എസ്.എ.റ്റി ആശുപത്രിയിലെ പീഡിയാട്രിക് കാത്ത് ലാബ് എന്നിവയ്ക്ക് പുറമേ **8.5** കോടി മുതൽ മുടക്കി KHRWS കാത്ത് ലാബ് സ്ഥാപിച്ചു<br><br>• സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരം അനുബന്ധമായ ശ്രീ. അവിട്ടം തിരുനാൾ ആശുപത്രിയിലെ പീഡിയാട്രിക്ക് ഗാസ്ട്രോ എന്ററോളജി യൂണിറ്റിന് കീഴിൽ രോഗികളുടെ ചികിത്സാ നിർണ്ണയത്തിനു വേണ്ടി പുതുതായി ഗ്യാസ്ട്രോ എൻഡോസ്കോപ്പി യൂണിറ്റ് പ്രവർത്തനസജ്ജമായി. വിഭാഗത്തിന് കീഴിൽ പുതുതായി പിജി കോഴ്സുകൾ ആരംഭിക്കുന്നതിനായി ഒരു പ്രൊഫസർ തസ്തിക സൃഷ്ടിച്ചു. |

| | | | |
|---|---|---|---|
| | | | • തിരുവനന്തപുരം മെഡിക്കൽ കോളേജ് ബേൺസ് യൂണിറ്റിനോടൊപ്പം സ്കിൻ ബാങ്കിന്റെ നിർമ്മാണം പൂർത്തിയായി.<br>• സി റ്റി ആൻജിയോഗ്രാം (GMCH) മസ്തിഷ്ക രോഗങ്ങളെക്കുറിച്ചും മസ്തിഷ്ക സിരാ ധമനികളുടെ ഘടനയും വിശകലനം ചെയ്തു പഠിക്കുന്നതിനും അതിലൂടെ രോഗികൾക്ക് കൃത്യതയാർന്ന രോഗനിർണ്ണയം സാധ്യമാക്കുന്നതിനും ഉതകുന്ന സി.ടി ആൻജിയോഗ്രാഫി മെഷീൻ ന്യൂറോളജി വിഭാഗത്തിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചു. 4.4 കോടി രൂപ ചെലവിൽ സ്ഥാപിച്ചിരിക്കുന്ന പ്രസ്തുത സംവിധാനം അത്യാസന്ന നിലയിൽ എത്തുന്ന രോഗികൾക്ക് അതിവേഗ രോഗനിർണ്ണയത്തിനുതകുമാറ് കാഷ്വാൽറ്റി വിഭാഗത്തിന് സമീപം സജ്ജീകരിച്ചിരിക്കുന്നു.<br>• തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി ആശുപത്രിയിലെ യൂറോളജി, നെഫ്രോളജി വിഭാഗങ്ങളിലെ കുട്ടികൾക്കും മുതിർന്നവർക്കും ആവശ്യമായ രോഗനിർണ്ണയം നടത്തുന്നതിനു ഉപയോഗപ്രദമാകുന്ന യൂറോ ഡയനാമിക്സ് സ്റ്റഡി സെന്റർ ലാബിന്റെ പ്രവർത്തനം **2025** മെയ് മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. ഈ |

ലാബ് ഒരുക്കുന്നതിനായി ഏകദേശം ഒന്നരക്കോടിയോളം രൂപ ആണ് ചെലവായത്. **6-** ഹീമോഡയാലിസിസ് മെഷീൻ ഉള്ള ഒരു യൂണിറ്റും **12** പുതിയ ഹീമോഡയാലിസിസ് മെഷീൻ ഉള്ള മറ്റൊരു യൂണിറ്റും പ്രവർത്തനസജ്ജമാണ്. ഈ ഹീമോഡയാലിസിസ് യൂണിറ്റ് കേരളത്തിലെ സ്വകാര്യ പൊതുമേഖലയിൽ കുട്ടികൾക്ക് മാത്രമായുള്ള ഏക സംവിധാനം ആണ്.

- ന്യൂറോ കാത്ത് ലാബ്: മസ്തിഷ്കത്തിലെ രക്തക്കുഴലുകളിൽ ഉണ്ടാകുന്ന തടസ്സങ്ങൾ ഉൾപ്പെടെ രോഗനിർണ്ണയം നടത്തി ചികിത്സ നൽകുവാനുതകുന്ന ലോകോത്തര സംവിധാനമാണ് ന്യൂറോ കാത്ത് ലാബ് **5.15** കോടി രൂപ ചെലവിൽ സജ്ജീകരിച്ചിരിക്കുന്നു.

- കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയ വിഭാഗം **(SATH)** കുട്ടികളിലെ ഹൃദ്രോഗ ശസ്ത്രക്രിയ ചികിത്സക്കായി നൂതന സംവിധാനത്തോടെ പീഡിയാട്രിക് ഹൃദ്രോഗ ശസ്ത്രക്രിയാ വിഭാഗം ആരംഭിച്ചു.

<u>സർക്കാർ മെഡിക്കൽ കോളേജ് ആലപ്പുഴ</u>

**173.18** കോടി രൂപയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു,

- സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ കാർഡിയോളജി, ഗ്യാസ്ട്രോളജി, ന്യൂറോമെഡിസിൻ, നെഫ്രോളജി, പ്ലാസ്റ്റിക് സർജറി, യൂറോളജി എന്നീ

| | | | |
|---|---|---|---|
| | | | വിഭാഗങ്ങളുടെ മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനം നടന്നുവരുന്നു.<br>• കാർഡിയോളജി വിഭാഗത്തിനായി 3 ഡി മാപ്പിങ്ങ് സൗകര്യങ്ങളോടുകൂടിയ നൂതന കാത്ത് ലാബ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നവീന രീതിയിലുള്ള എക്കോ, ടി.എം.ടി., ഇ.സി.ജി., ഹോൾട്ടർ എന്നീ സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. **PMR** വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ നവീകരണത്തിനായി **Institute of Rehabilitation in Medi Care Alappuzha** യുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br>• യൂറോളജി വിഭാഗത്തിൽ ആധുനിക ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട്. **2021** -ൽ ഒരു കോടി വിലമതിക്കുന്ന **3D, 4K Laparoscopy** സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br>• റേഡിയോഡയഗ്നോസിസ് വിഭാഗത്തിന്റെ കീഴിൽ നൂതനമായ **DSA machine, Digital Fluoroscopy machine** എന്നിവ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ സ്ഥാപിച്ചിട്ടുണ്ട്.<br><u>സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം</u><br>• സ.ഉ(സാധാ) നം. **2752/2018/ആ.കു.വ** തീയതി **06.09.2018** പ്രകാരം മോഡേണൈസേഷൻ ഓഫ് ഗവ. മെഡിക്കൽ കോളേജ് കോട്ടയം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി മുഖേന നിർമ്മിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് കെട്ടിടത്തിന് **276.95** കോടി |

| | | | |
|---|---|---|---|
| | | | രൂപയുടെ ഭരണാനുമതി സർക്കാർ നൽകി. ഈ പണികളുടെ എസ്.പി.വി (സ്പെഷ്യൽ പർപ്പസ് വെബിക്കിൾ) ആയ ഹൈറ്റ്സിനെയാണ് നിയോഗിച്ചിരിക്കുന്നത്. ടി കെട്ടിടത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു.<br>• 200 കിടക്കകളുള്ള കാർഡിയോളജി ബ്ലോക്ക് നിർമ്മാണം: നബാർഡ് ട്രാഞ്ചെ 26 മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതി നിലവിൽ പൂർത്തീകരണ ഘട്ടത്തിലാണ്. G.O (Rt)No.1699/2020/H&FWD Dtd;18/09/2020 പ്രകാരം Rs.3641.84 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ നിർമ്മാണ ഏജൻസി ഹൈറ്റ്സ് ആണ്. 200 കിടക്കകൾ, 3 ഓപ്പറേഷൻ തീയറ്റർ, ICU കോംപ്ലക്സ് എന്നിവ ഈ കെട്ടിടത്തിൽ ഉൾപ്പെടുന്നു.<br><u>സർക്കാർ മെഡിക്കൽ കോളേജ് എറണാകുളം:</u><br>• എറണാകുളം മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി സാമ്പത്തിക സഹായത്തോടെ 285.31 കോടി രൂപ മുതൽ മുടക്കിൽ 8 നിലകളിലായി 683 കിടക്കകളുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനസജ്ജമാകുന്നതോടെ |

| | | | |
|---|---|---|---|
| | | | Gynaecology, Paediatric Surgery, OMFS, Urology, Nephrology, Gastro, Cardiology, Cardio Thoracic Surgery, Neuro Surgery, PMR, Transfusion Medicine എന്നീ വിഭാഗങ്ങൾ പ്രവർത്തന സജ്ജമാകും.<br><br><u>സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്</u><br><br>• കോഴിക്കോട് മെഡിക്കൽ കോളേജിൽ സർജ്ജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായി 195.93 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br>• ന്യൂറോളജി വിഭാഗത്തിന്റെ ശാക്തീകരണത്തിനായി പുതിയ സ്ട്രോക്ക് സെന്റർ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും, പണികൾ പൂർത്തിയായി വരികയും ചെയ്യുന്നു. |
| (സി) | കേരളത്തിലെ എല്ലാ ജില്ലയിലും മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ; | (സി) | കേരളത്തിലെ എല്ലാ ജില്ലയിലും, മെഡിക്കൽ കോളേജുകൾ സ്ഥാപിച്ചിട്ടുണ്ട്. എം.ബി.ബി.എസ് കോഴ്സുകൾ ആരംഭിക്കുന്നതിനായി എൻ.എം.സി. യുടെ അനുമതി ലഭ്യമാകേണ്ടിയിരുന്ന വയനാട്, കാസറഗോഡ് എന്നീ മെഡിക്കൽ കോളേജുകളിൽ N-22011/146/2025-Ass.-Cell/MARB (8343232) തീയതി: 02.09.2025 പ്രകാരം കാസറഗോഡ് സർക്കാർ മെഡിക്കൽ കോളേജിലും, N-22011/152/2025-Ass.-Cell/MARB (8344009) തീയതി: 02.09.2025 പ്രകാരം വയനാട് സർക്കാർ മെഡിക്കൽ കോളേജിലും, 50 |

| | | | |
|---|---|---|---|
| | | | സീറ്റോടുകൂടിയ പുതിയ എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുന്നതിനു ലറ്റർ ഓഫ് പെർമിഷൻ (LOP) നൽകി നാഷണൽ മെഡിക്കൽ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 2025 – 2026 അദ്ധ്യയന വർഷം മുതൽ എം.ബി.ബി.എസ് ക്ലാസുകൾ ആരംഭിക്കുന്നതിനും അനുമതിയും നൽകിയിട്ടുണ്ട്. അഡ്മിഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | എം. ആർ. സി. മാനദണ്ഡങ്ങൾ അനുസരിച്ച് മെഡിക്കൽ കോളേജുകളുടെ സൗകര്യങ്ങൾ ഉയർത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | എൻ.എം.സി. മാനദണ്ഡങ്ങൾ അനുസരിച്ചാണ് മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ അനുസരിച്ചു പുതിയ മെഡിക്കൽ കോളേജുകളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളും, മാൻ പവറും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം 1**

സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പ്രൊജക്ടുകൾ നടപ്പിലാക്കി.

- അക്കാഡമിക് തല നേട്ടങ്ങൾ

  2019 അദ്ധ്യയന വർഷം മുതൽ എം.ബി.ബി.എസ് സീറ്റുകളുടെ എണ്ണം 200 ൽ നിന്നും 250 സീറ്റുകളാക്കി വർദ്ധിപ്പിച്ചു. പി.ജി സീറ്റുകളുടെ എണ്ണം 212 ൽ നിന്നും 254 സീറ്റുകളാക്കി വർദ്ധിപ്പിച്ചു. പത്തോളം വിഭാഗങ്ങളിൽ പുതുതായി ഡി.എം കോഴ്സുകൾ ആരംഭിച്ചു.
- പുതുതായി ആരംഭിച്ച വിഭാഗങ്ങൾ
- 55 വകുപ്പുകളും 650 അദ്ധ്യാപകരും ഉൾക്കൊള്ളുന്ന മെഡിക്കൽ കോളേജിൽ പുതുതായി എമർജൻസി മെഡിസിൻ ആന്റ് ട്രോമാ കെയർ, നിയോനാറ്റോളജി, മെഡിക്കൽ ഓങ്കോളജി, സർജ്ജിക്കൽ ഓങ്കോളജി, ഓങ്കോ പത്തോളജി, പീഡിയാട്രിക്ക് ഗ്യാസ്ട്രോ, ക്രിട്ടിക്കൽ കെയർ മെഡിസിൻ, ജെറിയാട്രിക്ക് വിഭാഗം, റുമെറ്റോളജി, ജനറ്റിക്ക്സ് വിഭാഗം, ഫീറ്റൽ മെഡിസിൻ വിഭാഗം, ഇന്റർവെൻഷണൽ റേഡിയോളജി എന്നിവ ആരംഭിച്ചു.
- മാസ്റ്റർ പ്ലാൻ
- പദ്ധതികളുടെ ആകെ തുക 717.29 കോടി രൂപയാണ്. നിലവിൽ റോഡ് വികസനം, ഫ്ലൈ ഓവർ നിർമ്മാണം, ഇലക്ട്രിക്കൽ വാട്ടർ അതോറിറ്റി വർക്ക്സ് 32.76 കോടിയുടെ പദ്ധതികൾ പൂർത്തിയാക്കി. അതിൽ എംഎൽസിപി (63 കോടി) ടെക്നിക്കൽ സാങ്ഷനുവേണ്ടി ടിഎസ് കമ്മിറ്റിയിൽ സാങ്കേതിക അനുമതിക്കായി സമർപ്പിച്ചിരിക്കുന്നു. എം.എൽ.റ്റി ബ്ലോക്ക് (21.35 കോടി), ഇമേജിയോളജി (43.9 കോടി) എന്നിവ പൂർത്തീകരിക്കുകയും, ഒ.ടി ബ്ലോക്ക് (81.50 കോടി), സിസിടിവി ക്യാമറ സർവ്വലെൻസ് (14.15 കോടി), ഹൈഡ്രോസ് തെറാപ്പി (4.70 കോടി) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്.

- കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി **21.35** കോടി ചിലവഴിച്ച് **6** നിലകളിലായി പൂർത്തീകരിച്ച് എം.എൽ.റ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ഇതിൽ ലൈബ്രറി, കോൺഫറൻസ് റൂം, ആറ് ലെക്ചർ ഹാൾ, അഞ്ച് റിസർച്ച് റൂം, എക്സാമിനേഷൻ ഹാൾ എന്നിവ ഉൾപ്പെടുന്നു
- കിഫ്ബി പദ്ധതി പ്രകാരം ഒ.റ്റി ബ്ലോക്കിനായി **81.5** കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചതനുസരിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. **7** നിലകളിലായി **14** ഓപ്പറേഷൻ തീയറ്ററുകളും, **145** കിടക്കകളും, **16** ഐ.സി.യുകളും ഉൾപ്പെട്ട ഒരു പദ്ധതിയാണ്.
- മാസ്റ്റർ പദ്ധതി പ്രകാരം എക്വിപ്മെന്റ് പർച്ചെയ്സ്, സൈറ്റ് പ്രിപ്പറേഷൻ, ഇൻസ്റ്റാലേഷൻ എന്നിവക്കായി **43.9** കോടി രൂപ ചെലവായി. പദ്ധതിയുടെ സൈറ്റ്

പ്രിപ്പറേഷൻ ഇൻകെൽ-ഉം, എക്വിപ്മെന്റ് പർച്ചേയ്സ് KMSCL വഴിയും പൂർത്തിയാക്കി. പോർട്ടബിൾ ഡിജിറ്റൽ റേഡിയോഗ്രാഫി **(83.06 ലക്ഷം)**, നാല് അൾട്രാ സൗണ്ട് മെഷീൻ **(2.68 കോടി)**, രണ്ട് സ്റ്റേഷനറി ഡിജിറ്റൽ റേഡിയോഗ്രാഫി മെഷീൻ **(1.46 കോടി**, എം.ആർ.ഐ മെഷീൻ **(15 കോടി)**, സി.റ്റി.ഡി.ആർ യൂണിറ്റ് **(19.24 ലക്ഷം)**, പോർട്ടബിൾ എക്സ്റേ മെഷീൻ **(15.6 ലക്ഷം)**, മൊബൈൽ ഡി.ആർ യൂണിറ്റ് **(83 ലക്ഷം)** തുടങ്ങിയ ഉപകരണങ്ങൾ വാങ്ങി.

- തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ നിലവിലുള്ള മൂന്ന് കാത്ത് ലാബുകൾ **(ന്യൂറോ, കാർഡിയോളജി, ഇന്റർവെൻഷണൽ റേഡിയോളജി)**, എസ്.എ.റ്റി ആശുപത്രിയിലെ പീഡിയാട്രിക് കാത്ത് ലാബ് എന്നിവയ്ക്ക് പുറമേ **8.5** കോടി മുതൽ മുടക്കി KHRWS കാത്ത് ലാബ് സ്ഥാപിച്ചു.
- സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി **7.67** കോടി മുതൽ മുടക്കി ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ സ്പെക്ട് സിടി സ്ഥാപിച്ചു. ഇതിന്റെ സേവനം **16.12.2024** മുതൽ രോഗികൾക്ക് നൽകി തുടങ്ങി.
- തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ മറ്റ് സ്കാനിംഗ് മെഷീനുകൾക്ക് പുറമെ **128** സ്ലൈസ് സി.ടി യൂണിറ്റ് **4.5** കോടി മുതൽ മുടക്കി KHRWS സ്ഥാപിച്ചു.
- ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ അഞ്ചാ നിലയിൽ പീഡിയാട്രിക് ന്യൂറോളജി വിഭാഗം ഏറ്റവും പുതിയ സൗകര്യങ്ങളോടെ പ്രവർത്തനം ആരംഭിച്ചു.
- ലോകോത്തര നിലവാരത്തോടുകൂടിയ കിടക്കകളും അത്യാധുനിക സൗകര്യങ്ങളോടും കൂടിയ പീഡിയാട്രിക് നെഫ്രോളജി വാർഡ് സജ്ജീകരിച്ചു. ഡിഎം പീഡിയാട്രിക്ക് നെഫ്രോളജി കോഴ്സ് ആരംഭിക്കുന്നതിന് സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ആണ് ഈ വാർഡ് സജ്ജീകരിച്ചിരിക്കുന്നത്. എൻഎംസി ഡി.എംസീറ്റ് അനുവദിക്കുകയും സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ആദ്യമായാണ് ഡിഎം പീഡിയാട്രിക്ക് നെഫ്രോളജി കോഴ്സ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിച്ചിരിക്കുന്നത്.
- അത്യാധുനിക സൗകര്യങ്ങളോടും കൂടി വിപുലീകരിച്ച പീഡിയാട്രിക്ക് നെഫ്രോ ഡയാലിസിസ് യൂണിറ്റ് ആഴ്ചയിൽ രണ്ടു ദിവസം ബുധനാഴ്ചയും വെള്ളിയാഴ്ചയും പ്രവർത്തിക്കുന്നു. **150-**ൽ പരം കുട്ടികൾ ഒ.പി യിലും ചികിത്സക്കായി എത്തുന്നു. സ്ഥായിയായ വൃക്കസ്തംഭനം ബാധിച്ച **40-**ൽ പരം കുട്ടികൾക്ക് ഡയാലിസിസ് നൽകി വരുന്നു. ഇതിൽ **20** കുട്ടികൾ ഹീമോ ഡയാലിസിസിലും **21-** കുട്ടികൾ പെരിട്ടോണിയൽ ഡയാലിസിസും ചെയ്യുന്നതിനുള്ള അവസാനഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. കുട്ടികളിലെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ തുടർന്ന് വരുന്നു.
- സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരം അനുബന്ധമായ ശ്രീ. അവിട്ടം തിരുനാൾ ആശുപത്രിയിലെ പീഡിയാട്രിക്ക് ഗാസ്ട്രോ എന്ററോളജി യൂണിറ്റിന് കീഴിൽ രോഗികളുടെ ചികിത്സാ നിർണ്ണയത്തിനു വേണ്ടി പുതുതായി ഗ്യാസ്ട്രോ എൻഡോസ്കോപ്പി യൂണിറ്റ് പ്രവർത്തനസജ്ജമായി. വിഭാഗത്തിന് കീഴിൽ പുതുതായി പിജി കോഴ്സുകൾ ആരംഭിക്കുന്നതിനായി ഒരു പ്രൊഫസർ തസ്തിക സൃഷ്ടിച്ചു.
- **1** കോടി രൂപ ചെലവിൽ NHM മുഖാന്തരം, നിർമ്മിതി കേന്ദ്രമാണ് നവീന സൗകര്യങ്ങളോട് കൂടി മദർ-ന്യൂബോൺ കെയർ യൂണിറ്റ് ഒരുക്കിയിരിക്കുന്നത്. ഓക്സിജൻ, CPAP, ഫോട്ടോതെറാപ്പി സൗകര്യങ്ങളും അമ്മമാർക്ക് കുഞ്ഞുങ്ങളോടൊപ്പം കഴിയാനുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

- തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി ആശുപത്രിയിലെ യൂറോളജി, നെഫ്രോളജി വിഭാഗങ്ങളിലെ കുട്ടികൾക്കും മുതിർന്നവർക്കും ആവശ്യമായ രോഗ നിർണ്ണയം നടത്തുന്നതിനു ഉപയോഗപ്രദമാകുന്ന യൂറോ ഡയനാമിക്സ് സ്റ്റഡി സെന്റർ ലാബിന്റെ പ്രവർത്തനം **2025** മെയ് മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. ഈ ലാബ് ഒരുക്കുന്നതിനായി ഏകദേശം ഒന്നരക്കോടിയോളം രൂപ ആണ് ചെലവായത്. **6**-ഹീമോഡയാലിസിസ് മെഷീൻ ഉള്ള ഒരു യൂണിറ്റും **12** പുതിയ ഹീമോഡയാലിസിസ് മെഷീൻ ഉള്ള മറ്റൊരു യൂണിറ്റും പ്രവർത്തനസജ്ജമാണ്. ഈ ഹീമോഡയാലിസിസ് യൂണിറ്റ് കേരളത്തിലെ സ്വകാര്യ പൊതുമേഖലയിൽ കുട്ടികൾക്ക് മാത്രമായുള്ള ഏക സംവിധാനം ആണ്. ഈ യൂണിറ്റിനു ആവശ്യമായ ലാബ് അസിസ്റ്റന്റ്, ഡയാലിസിസ് ടെക്നീഷ്യൻ തസ്തികകൾ ഈ ഗവൺമെന്റ് സൃഷ്ടിച്ചു.
- യൂറോഡൈനാമിക് സർവ്വീസസ് - കുട്ടികളുടെ മൂത്ര സഞ്ചികളുടെ പ്രവർത്തനം പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ KHRWS - ന്റെ സഹായത്തോടുകൂടി പ്രവർത്തനസജ്ജമായി.
- ഗർഭവസ്ഥയിൽ തുടങ്ങി ജന്മനായുള്ള വൃക്ക രോഗ നിർണ്ണയവും ചികിത്സയും നൽകുന്നതിന് പ്രതീക്ഷാ പ്രോജ്കട് നടപ്പിലാക്കി.
- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ശ്രീ അവിട്ടം തിരുനാൾ (SAT) ആശുപത്രിയിലെ നവജാത ശിശു വിഭാഗത്തിൽ "ജീവാമൃതം" എന്ന പേരിൽ സ്ഥാപിച്ചിരിക്കുന്ന ബ്രസ്റ്റ് മിൽക്ക് ബാങ്ക് സെപ്റ്റംബർ ഒന്നിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. സർക്കാർ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്ന മൂന്നാമത്തെ മുലപ്പാൽ ബാങ്ക് കൂടിയാണിത്.
- തിരുവനന്തപുരം മെഡിക്കൽ കോളേജ് ബേൺസ് യൂണിറ്റിനോടൊപ്പം സ്കിൻ ബാങ്കിന്റെ നിർമ്മാണം പൂർത്തിയായി. ബേൺസ് യൂണിറ്റിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി സ്കിൻ ബാങ്ക് ആരംഭിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ (ബയോസേഫ്റ്റി കാബിനെറ്റ്, ഓട്ടോക്ലേവ്, സെൻട്രിഫ്യൂജ്, ഓർബിറ്റൽ ഷേക്കർ, ബി.ഒ.ഡി ഇൻക്യൂബേറ്റർ, വാക്-ഇൻ-റെഫ്രിജറേറ്റർ, കൂളിംഗ് കാബിനറ്റ്, ഇലക്ട്രിക്ക് ഡെമോട്ടോമേ, കമ്പ്യൂട്ടർ) വാങ്ങി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.
- പെൺകുട്ടികൾക്കായുള്ള പുതിയ ഏഴ് നിലകളിലുള്ള ഹോസ്റ്റൽ സമുച്ചയം നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.
- ന്യൂറോളജി വിഭാഗത്തിൽ പക്ഷാഘാത രോഗ ചികിത്സക്കായി ആധുനിക സംവിധാനത്തോടെയുള്ള സ്ട്രോക് ഐ സി യു 0.97 കോടി രൂപ ചെലവിൽ സജ്ജീകരിച്ചിരിക്കുന്നു
- സി.ടി ആൻജിയോഗ്രാം (GMCH) മസ്തിഷ്ക രോഗങ്ങളെക്കുറിച്ചും മസ്തിഷ്ക സിരാ ധമനികളുടെ ഘടനയും വിശകലനം ചെയ്തു പഠിക്കുന്നതിനും അതിലൂടെ രോഗികൾക്ക് കൃത്യതയാർന്ന രോഗനിർണ്ണയം സാധ്യമാക്കുന്നതിനും ഉതകുന്ന സി ടി ആൻജിയോഗ്രാഫി മെഷീൻ ന്യൂറോളജി വിഭാഗത്തിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചു. 4.4 കോടി രൂപ ചെലവിൽ സ്ഥാപിച്ചിരിക്കുന്ന പ്രസ്തുത സംവിധാനം അത്യാസന്ന നിലയിൽ എത്തുന്ന രോഗികൾക്ക് അതിവേഗ രോഗനിർണ്ണയത്തിനുതകുമാറ് കാഷ്വാൽറ്റി വിഭാഗത്തിന് സമീപം സജ്ജീകരിച്ചിരിക്കുന്നു.
- ന്യൂറോ കാത്ത് ലാബ്: മസ്തിഷ്കത്തിലെ രക്തക്കുഴലുകളിൽ ഉണ്ടാകുന്ന തടസ്സങ്ങൾ ഉൾപ്പെടെ രോഗനിർണ്ണയം നടത്തി ചികിത്സ നൽകുവാനുതകുന്ന ലോകോത്തര സംവിധാനമാണ് ന്യൂറോ കാത്ത് ലാബ് 5.15 കോടി രൂപ ചെലവിൽ സജ്ജീകരിച്ചിരിക്കുന്നു.

- ട്രയാജ് സംവിധാനമുള്ള എമർജൻസി മെഡിസിൻ & ട്രോമാകെയർ (GMCH) ട്രയാജ് സംവിധാനത്തോടെയുള്ള എമർജൻസി മെഡിസിൻ ആന്റ് ട്രോമാകെയർ സംവിധാനം നവീകരിച്ച കെട്ടിടത്തിൽ പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ചു. ആധുനിക ലബോറട്ടറി, ഐ സി യു, എക്സ് റേ, ഓപ്പറേഷൻ തിയേറ്റർ, ഇ സി ജി, ഫാർമസി എന്നിവ അതെ നിലയിലും തൊട്ടു താഴത്തെ നിലയിൽ സ്കാനിംഗ് ഉൾപ്പെടെ സംവിധാനങ്ങളും പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.
- സ്പൈനൽ മസ്കുലാർ അട്രോപ്പി ക്ലിനിക്ക് (SATH) കുട്ടികളുടെ അസ്ഥികളെയും പേശികളെയും അവയവങ്ങളെയും ബാധിക്കുന്ന സ്പൈനൽ മസ്കുലാർ അട്രോപ്പി എന്ന രോഗം വളരെ അപൂർവ്വമല്ലെങ്കിലും സങ്കീർണ്ണവും രോഗാതുരത വർദ്ധിച്ച നിലയിലുള്ള ഒരു രോഗമാണ്. ഈ അസുഖ ചികിത്സയ്ക്കായി വിവിധ സ്പെഷ്യാലിറ്റികളുടെ ഏകോപനത്തിലൂടെ ആരംഭിച്ച എസ് എം എ ക്ലിനിക്ക് കുട്ടികളുടെ രോഗ ചികിത്സയിലെ ഒരു സുപ്രധാന വഴിത്തിരിവാണ്.
- കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയ വിഭാഗം (SATH) കുട്ടികളിലെ ഹൃദ്രോഗ ശസ്ത്രക്രിയ ചികിത്സക്കായി നൂതന സംവിധാനത്തോടെ പീഡിയാട്രിക് ഹൃദ്രോഗ ശസ്ത്രക്രിയാ വിഭാഗം ആരംഭിച്ചു.
- പുതിയ ഹീമോ ഡയാലിസിസ് യൂണിറ്റ് (SATH) കുട്ടികളിലെ വൃക്ക രോഗ ചികിത്സക്കായി പുതിയ ഹീമോഡയാലിസിസ് കേന്ദ്രം സ്ഥാപിക്കുകയും അതിലേക്ക് ഒരു ഡയാലിസിസ് ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിക്കുകയും ചെയ്തു.
- ദ്രവീകൃത ഓക്സിജൻ പ്ലാന്റ് (SATH) എസ് എ ടി ആശുപത്രിക്കായി 10 കിലോ ലിറ്റർ ശേഷിയുള്ള പ്രത്യേക ദ്രവീകൃത ഓക്സിജൻ പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ചുവരുന്നു.
- ഹൈ എൻഡ് അൾട്രാ സോണോഗ്രാഫി മെഷീൻ (SATH) ഗർഭസ്ഥ ശിശുവിന്റെ വളർച്ച ഘട്ടങ്ങൾ നിരീക്ഷിക്കുന്നതിനും രോഗനിർണ്ണയത്തിനുമായി ഗൈനക്കോളജി വിഭാഗത്തിൽ 65 ലക്ഷം രൂപ ചെലവിൽ ഹൈ എൻഡ് അൾട്രാ സോണോഗ്രാഫി മെഷീൻ സ്ഥാപിച്ചു.
- അമൃത പദ്ധതിയുടെ ഭാഗമായി 5 എം.എൽ.ഡി മലിന ജല സംസ്കരണ പ്ലാന്റ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിച്ചു.
- 23.75 കോടി രൂപയുടെ ക്രിറ്റിക്കൽ കെയർ ബ്ലോക്കിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകി. ഡി.പി.ആർ തയ്യാറാക്കി വരുന്നു.
- 1.74 കോടി രൂപയുടെ മെഡിക്കൽ ഗ്യാസ് സിസ്റ്റം സജ്ജമാക്കി.
- 19.20 ലക്ഷം രൂപയുടെ ലാക്ടേഷൻ മാനേജ്മെന്റ് യൂണിറ്റ് (LMU) സജ്ജമാക്കി

<u>സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം</u>

കൊല്ലം സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം ജില്ലയിലെ ആദ്യത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജാണ്. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷൻ സ്ഥാപിച്ച ഈ കോളേജ് പിന്നീട് കേരള സർക്കാർ ഏറ്റെടുത്തു. 2016 ഒക്ടോബർ മാസം ജൂണിൽ ആശുപത്രി പ്രവർത്തനം ആരംഭിച്ചു. 12,029 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കൊല്ലം ഗവൺമെന്റ് മെഡിക്കൽ കോളേജ് 500 കിടക്കകളും, 24 മണിക്കൂറും കാഷ്വാലിറ്റി

സേവനങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളും, 10 മോഡുലാർ ഓപ്പറേഷൻ തിയേറ്ററുകൾ, ഐസിയു, സിസിയു, നിയോനാറ്റൽ ഐസിയു, സിഎസ്എസ്ഡി, ഏറ്റവും ആധുനിക ഉപകരണങ്ങൾ എന്നിവ ഇവിടെയുണ്ട്. ജീവനക്കാർക്കും വിദ്യാർത്ഥികൾക്കുമുള്ള ക്വാർട്ടേഴ്സുകളും ഹോസ്റ്റലുകളും ഈ മെഡിക്കൽ കോളേജിൽ ലഭ്യമാണ്. 8 പ്രീ/പാരാ ക്ലിനിക്കൽ വകുപ്പുകളും 21 പ്രധാന ക്ലിനിക്കൽ വകുപ്പുകളും ഈ സ്ഥാപനത്തിൽ നിലവിൽ പ്രവർത്തിക്കുന്നു.

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. ഡിപ്പാർട്ട്മെന്റ് ഓഫ് ബയോ മെഡിക്കൽ എഞ്ചിനീയറിംഗ് വിംങ്ങും സെൻട്രൽ വർക്ക്ഷോപ്പും 2023 ജൂണിൽ കമ്മീഷൻ ചെയ്തു.
2. പി.വി.പി.ഐ പ്രോഗ്രാമിന് കീഴിലുള്ള എഡിആർ മോണിറ്ററിംഗ് സെന്റർ ഫാർമക്കോളജി വകുപ്പിൽ സ്ഥാപിച്ചു.
3. **MRI Scanner 1.5 Tesla** ഉപകരണം വാങ്ങി ഇൻസ്റ്റാൾ ചെയ്യുന്നതിനായി **Rs.15.11** കോടി രൂപ അനുവദിച്ചു. എം.ആർ.ഐ സ്കാനിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. റേഡിയോളജി വിഭാഗത്തിൽ സി.റ്റി സ്കാൻ, മാമോഗ്രാം, ഡിജിറ്റൽ എക്സ്-റേ, അൾട്രാസൗണ്ട് സ്കാൻ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
4. ഫ്ലൂറോസ്കോപ്പി സ്കാനിങ് സംവിധാനം ലഭ്യമാക്കി.
5. വയോജന ക്ലിനിക് & മോഡൽ പാലിയേറ്റീവ് കെയർ ഡിവിഷൻ എന്നിവ ആരംഭിച്ചു. ആശുപത്രിയിൽ എത്തുന്ന പാലിയേറ്റീവ് പരിചരണം ആവശ്യമായുള്ള രോഗികൾക്ക് മികച്ച ചികിത്സ, പരിചരണം, ഹൗസ് വിസിറ്റ്, ബോധവൽക്കരണം എന്നിവ പാലിയേറ്റീവ് കെയർ വിഭാഗം മുഖേന നൽകി വരുന്നു.
6. ആശുപത്രിയിൽ എത്തുന്ന ഭിന്നശേഷിക്കാർക്കും, വയോജനങ്ങൾക്കും പ്രത്യേക ഒ.പി കൗണ്ടർ, ഫാർമസി കൗണ്ടർ, ബാത്ത് റൂം, റാംപ്, കുടിവെള്ളം, വീൽ ചെയർ, ട്രോളി എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
7. കാർഡിയോളജി ,ന്യൂറോളജി ,ന്യൂറോ സർജറി, നെഫ്രോളജി, പ്ലാസ്റ്റിക് സർജറി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തനം ആരംഭിച്ചു.
8. കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് എന്നിവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
9. സർജറി, ഗൈനക്കോളജി വിഭാഗങ്ങളിൽ ആധുനിക തീയേറ്റർ സംവിധാനം

ആരംഭിച്ചു.

10. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച നവീകരിച്ച ഒ.പി വിഭാഗം ആരംഭിച്ചു.
11. ആധുനിക ഗൈനക്ക് കാഷ്വാലിറ്റി ആരംഭിച്ചു.
12. കിടക്കകളുടെ എണ്ണം 300 ൽ നിന്നും 500 ആയി ഉയർത്തി. കൂടാതെ 42 വെന്റിലേറ്ററുകൾ രോഗികൾക്കായി ലഭ്യമാക്കി.
13. ഗുരുതരാവസ്ഥയിലാകുന്ന രോഗികൾക്ക് ഐ.സി.യു വിന് ഉള്ളിൽ തന്നെ ഡയാലിസിസ് ചെയ്യുന്നതിനായി പോർട്ടബിൾ ആർ.ഒ പ്ലാന്റ് സ്ഥാപിച്ചു.
14. ജില്ലയിലെ ആദ്യ ആർ.ടി.പി.സി.ആർ ലാബ് പ്രവർത്തനം ആരംഭിച്ചു.
15. ക്യാൻസർ രോഗ നിർണ്ണയത്തിനായി 4 കളർ ഡോപ്ലർ അൾട്രാസൗണ്ട് സ്കാനർ സജ്ജമാക്കി.
16. കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആരോഗ്യ സംരക്ഷണം ലോകോത്തര നിലവാരത്തിൽ ഉയർത്തുന്നതിനുള്ള നടപടിയുടെ ഭാഗമായി 8 കോടി രൂപ ചെലവഴിച്ച് ട്രോമ കെയർ ബ്ലോക്ക് പണികഴിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു.
17. 23.75 കോടി രൂപ ചെലവഴിച്ച് ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.
18. ക്വാളിറ്റി ഇമ്പ്രൂവ്മെന്റ് പദ്ധതിയുടെ ഭാഗമായി “ലക്ഷ്യ” പദ്ധതിയിൽ ഉൾപ്പെടുത്തി ലേബർ റൂമിന്റേയും ഓപ്പറേഷൻ തീയേറ്ററിന്റേയും പണി പൂർത്തീകരിച്ചു.
19. കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. 13 ഡയാലിസിസ് മെഷീനുകൾ ഉപയോഗിച്ച് മൂന്ന് ഷിഫ്റ്റുകളിലായി ദിവസേന ഏകദേശം മുപ്പതോളം രോഗികൾക്ക് 24 മണിക്കൂറും ഡയാലിസിസ് നൽകി വരുന്നു.
20. കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് 2016 ൽ ആരംഭിക്കുകയും അക്കാദമിക് പ്രവർത്തനങ്ങളുടെ ഭാഗമായി 2017 ൽ ആദ്യമായി 100 സീറ്റോടുകൂടി എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുകയും ചെയ്തു. 2019 ൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായി 10 സീറ്റുകൾ കൂടി അനുവദിക്കുകയും 2019 മുതൽ 110 സീറ്റോടുകൂടി എം.ബി.ബി.എസ് കോഴ്സ് നടത്തി വരുകയും ചെയ്യുന്നു.
21. 2022 വർഷത്തിൽ 4 കോഴ്സുകളിൽ താഴെ പറയും പ്രകാരം മെഡിക്കൽ പി.ജി കോഴ്സുകൾ ആരംഭിച്ചു. മൈക്രോബയോളജി - 2 സീറ്റ്, പത്തോളജി - 2 സീറ്റ്, കമ്മ്യൂണിറ്റി മെഡിസിൻ - 2 സീറ്റ്, ഫോറൻസിക് മെഡിസിൻ - 2 സീറ്റ്
22. 2022 വർഷത്തിൽ തന്നെ 15 സീറ്റോടുകൂടി DMLT കോഴ്സ് ആരംഭിച്ചു.
23. 2024 വർഷത്തിൽ 9 മെഡിക്കൽ പി.ജി കോഴ്സുകൾക്ക് (34 സീറ്റ്) സർക്കാരിൽ നിന്നും essentiality certificate അനുവദിച്ച് നൽകി. മെഡിക്കൽ പി.ജി കോഴ്സ് ആരംഭിക്കുന്നതിനായുള്ള അനുമതിയ്ക്കായി നാഷണൽ മെഡിക്കൽ കമ്മീഷനിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.
24. 2021 – 22 സാമ്പത്തിക വർഷത്തിൽ കൊല്ലം മെഡിക്കൽ കോളേജിലെ 19 M&E, 24 M&S, 34 OC എന്നീ ശീർഷകങ്ങളിലായി 23.73 കോടി രൂപയുടെ ഭരണാനുമതിയും, കൂടാതെ കൊല്ലം മെഡിക്കൽ കോളേജിലെ ചെറുകിട മരാമത്ത് പണികൾക്കായി 1.99 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.
25. 2022 – 23 സാമ്പത്തിക വർഷത്തിൽ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ

ചെറുകിട മരാമത്ത് പണികൾക്കായി **2.05** കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്.

26. **2023 – 24** സാമ്പത്തിക വർഷത്തിൽ കൊല്ലം മെഡിക്കൽ കോളേജിലെ ചെറുകിട മരാമത്ത് പണികൾക്കായി **2.97** കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
27. **2023 – 24** സാമ്പത്തിക വർഷത്തിൽ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ **19 M&E, 24 M&S, 34 OC** എന്നീ ശീർഷകങ്ങളിലായി **13.21** കോടി രൂപയുടെ ഭരണാനുമതി സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്.
28. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിച്ചു.
29. **65** ലക്ഷം രൂപയുടെ **ECRP- II** പീഡിയാട്രിക് കെയർ നിർമ്മാണം പൂർത്തീകരിച്ചു.
30. **1.39** കോടി രൂപയുടെ ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂം പൂർത്തീകരിച്ചു.

<u>സർക്കാർ മെഡിക്കൽ കോളേജ്, കോന്നി</u>

- **01.11.2021** മുതൽ മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗം പ്രവർത്തനം ആരംഭിച്ചു.
- **MLA** ഫണ്ടിൽ നിന്നും **11** ലക്ഷം രൂപ അനുവദിച്ചു **7** ലക്ഷം രൂപയ്ക്ക് അൾട്രാ സൗണ്ട് സ്കാനിംങ് മെഷീൻ, **4** ലക്ഷം രൂപയ്ക്ക് എക്സ്-റേ എന്നിവ സ്ഥാപിക്കുകയും **07.10.2021** മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.
- **2021** സെപ്റ്റംബറിൽ ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ അംഗീകാരം ലഭ്യമാക്കി.
- ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് **26.02.2022** ന് ഉദ്ഘാടനം നടത്തി.
- **2022** ഫെബ്രുവരി മാസം **30** ബെഡ്ഡിനുള്ള ഓക്സിജൻ സംവിധാനം കാഷ്വാലിറ്റിയിൽ ലഭ്യമാക്കി.
- **11/11/2022** ൽ എൻ.എം.സി അംഗീകാരം ലഭ്യമായി.
- ഉപകരണങ്ങൾക്കും, ഫർണീച്ചറുകൾക്കുമായി കിഫ്ബി ഫണ്ട് **19.5** കോടി രൂപ അനുവദിച്ചു.
- **2023** ൽ അത്യാഹിത വിഭാഗത്തിന്റെ ഭാഗമായി മൈനർ ഓപ്പറേഷൻ തീയേറ്റർ സംവിധാനം ഒരുക്കി.
- അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ച് **24/04/2023** ൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം നടത്തി.
- **MBBS** വിദ്യാർത്ഥികൾക്കായി **MLA** ഫണ്ടിൽ നിന്നും **25.5** ലക്ഷം രൂപയുടെ കോളേജ് ബസ് **2023** ൽ അനുവദിച്ചു.
- സി.റ്റി സ്കാൻ **5** കോടി രൂപ മുതൽ മുടക്കി റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ **19/06/2023** ൽ പ്രവർത്തന സജ്ജമാക്കി.
- ഗേൾസ് ഹോസ്റ്റൽ **13.66** കോടി രൂപ ചിലവിൽ നിർമ്മാണം പൂർത്തീകരിച്ച് **07/10/2023** ൽ ഉദ്ഘാടനം നടത്തി.
- ബ്ലഡ് ബാങ്ക് **2.74** കോടി രൂപ ചിലവിൽ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തി.
- ബോയ്സ് ഹോസ്റ്റൽ **11.99** കോടി രൂപ ചിലവിൽ നിർമ്മാണം പൂർത്തീകരിച്ച് **27/01/2024** ൽ ഉദ്ഘാടനം നടത്തി.
- പീഡിയാട്രിക് **ICU 16.68** ലക്ഷം രൂപ **NHM** ൽ നിന്നും അനുവദിച്ചു നിർമ്മാണം പൂർത്തീകരിച്ചു പ്രവർത്തനം ആരംഭിച്ചു.

- മോർച്ചറി ബ്ലോക്ക് 2.09 കോടി രൂപ ചിലവിൽ നിർമ്മാണം പൂർത്തീകരിച്ച് 01/02/2025 ന് ഉദ്ഘാടനം നടത്തി.
- ലക്ഷ്യ ലേബർ റൂം നിർമ്മിക്കുന്നതിന് എൻ.എച്ച്.എം മുഖേന 3.5 കോടി രൂപ അനുവദിച്ച് 31.03.2025 ൽ നിർമ്മാണം പൂർത്തീകരിച്ചു.
- 16.68 ലക്ഷം രൂപ ചെലവഴിച്ച് ECRP- II പീഡിയാട്രിക് കെയർ നിർമ്മാണം പൂർത്തിയാക്കി.
- 3.5 കോടി രൂപ ചെലവഴിച്ച് ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂം നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കി.

സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ

മെഡിക്കൽ കോളേജുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആലപ്പുഴ മെഡിക്കൽ കോളേജിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- ട്രോമാകെയർ യൂണിറ്റിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. അഞ്ചുനിലകളുള്ള ട്രോമാകെയറിന്റെ മൂന്നാംനിലയുടെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്. ടി നിർമ്മാണ പ്രവൃത്തികൾക്കായി വിവിധ ഘട്ടങ്ങളിലായി 34,76,49,454/- രൂപ അനുവദിച്ചിട്ടുണ്ട്.
- അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കം സെൻട്രൽ ലൈബ്രറിയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. വിവിധ ഘട്ടങ്ങളിലായി 20,72,75,833/- രൂപ അനുവദിച്ചിട്ടുണ്ട്.
- പാരാമെഡിക്കൽ വിദ്യാർത്ഥികൾക്ക് ലക്ചർ ഹാൾ - കോമൺ റൂം - ടോയ് ലറ്റ് ബ്ലോക്കിന്റെ നിർമ്മാണം നടന്നുവരുന്നു. രണ്ടുഘട്ടങ്ങളിലായി 70 ലക്ഷം രൂപ അനുവദിച്ചു.
- കോംപ്രഹെൻസീവ് സ്ട്രോക്ക് സെന്ററിന്റെ നിർമ്മാണം നടന്നുവരുന്നു. 5 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.
- ഓങ്കോളജി ബ്ലോക്കിന്റെ നിർമ്മാണം നടന്നുവരുന്നു. 3.20 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ചുറ്റുമതിൽ നിർമ്മാണം, നിലം ഒരുക്കൽ എന്നീ പ്രവൃത്തികൾ പൂർത്തിയാക്കി.
- പേ വാർഡ് നിർമ്മാണത്തിനായി 4,86,75,542/- രൂപ അനുവദിച്ചിട്ടുണ്ട്.
- രണ്ട് നിലകളിലായി ഡ്രഗ്ഗ് സ്റ്റോറിന്റെ നിർമ്മാണം നടന്നുവരുന്നു. 10 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്
- അംഗപരിമിതർക്കും വയോജനങ്ങൾക്കും ലിഫ്റ്റ് സൗകര്യം ഒരുക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പഴയ ബ്ലോക്കിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് 60 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.
- നബാർഡ് ധനസഹായത്തോടുകൂടി ഒ & ജി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു. 30 കോടി രൂപയാണ് ഇതിനായി അനുവദിച്ചത്. 26.09.2024-ന് കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു.
- മെഡിക്കൽ കോളേജ് ക്യാമ്പസിൽ ഗസ്റ്റ് റൂം കം ക്യാന്റീനിന്റെ നിർമ്മാണം പൂർത്തിയായി. 2 കോടി രൂപയാണ് ഇതിനായി അനുവദിച്ചത്. 26.09.2024-ന് കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തി.
- 173.18 കോടി രൂപയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു, ഉദ്ഘാടനം നടത്തി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു.
- പ്ലാസ്റ്റിക് സർജറി വിഭാഗം, ഗ്യാസ്ട്രോളജി ഒ.പി., ഐ.പി. സംവിധാനം എന്നിവ

നിലവിൽ വന്നു.

- ലക്ഷ്യ പദ്ധതിയിലൂടെ ഗൈനക്കോളജി വിഭാഗത്തിന്റെ നവീകരണത്തിനായി പ്രവർത്തിക്കുകയും അതിലൂടെ respectful maternity സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്.
- ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ, സ്ട്രോക്ക് ഐ.സി.യു., പീഡിയാട്രിക് വിഭാഗങ്ങളുടെ വിപുലീകരണം എന്നിവ നടപ്പാക്കിയിട്ടുണ്ട്.
- റേഡിയോഡയഗ്നോസിസ് വിഭാഗത്തിന്റെ കീഴിൽ 16 128 slice CT Scan Machine നെ കൂടാതെ 2024 ഡിസംബർ മാസത്തോടുകൂടി 128 slice CT Scan Machine ന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- ഹൃദയ ശ്വാസകോശ രക്തധമനി ശസ്ത്രക്രിയാ വിഭാഗത്തിന്റെ നവീകരണത്തിനായുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കോൾഡ് റൂമിന്റെ പണികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- ത്വക്ക് രോഗ വിഭാഗത്തിൽ അതിനൂതനമായ ഫോട്ടോതെറാപ്പി, ലേസർ, ഇലക്ട്രോ സർജറി റേഡിയോ ഫ്രീക്വൻസി, കെമിക്കൽ പീൽ എന്നീ ചികിത്സകൾ ലഭ്യമാകുന്നു.
- ശ്വാസകോശരോഗ വിഭാഗത്തിൽ Flexible Bronchoscopy, Thoreoscopy, Rigid Bronchoscopy എന്നിവയ്ക്കായി നൂതന ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചു.
- ഇ-ഹെൽത്ത് ഓൺലൈൻ സംവിധാനത്തിലൂടെ ഒ.പി., ഐ.പി., ലാബ് സേവനങ്ങൾ ലഭ്യമാകുന്നുണ്ട്.
- സൂപ്രണ്ട് ഓഫീസിലും ആശുപത്രി വികസന സമിതിയുടെ ഓഫീസിലും ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കി.
- 1.28 കോടി രൂപ ചെലവഴിച്ച് MGPS സജ്ജീകരിച്ചു.
- 31 ലക്ഷം രൂപ ചെലവഴിച്ച് ECRP II ന്റെഭാഗമായി 10 കിടക്കകളുള്ള ICU സജ്ജീകരിച്ചു.
- 1.40 കോടി രൂപ ചെലവഴിച്ച് ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂം സജ്ജീകരിച്ചു.
- 1.02 കോടി രൂപ ചെലവഴിച്ച് MNCU സജ്ജീകരിച്ചു.
- 20.45 കോടി രൂപ ചെലവഴിച്ച് ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ നിർമ്മാണം ആരംഭിച്ചു.
- 66 ലക്ഷം രൂപ ചെലവഴിച്ച് ഓക്സിജൻ പ്ലാന്റ്സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചു.

<u>സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം</u>

- **എക്സാമിനേഷൻ ഹാൾ, ലക്ചറർ ഹാൾ, ഓഡിറ്റോറിയം നിർമ്മാണം** (37 **കോടി**) **: -** കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ നിർമ്മിക്കുന്ന എക്സാമിനേഷൻ ഹാൾ, ലക്ചറർ ഹാൾ, ഓഡിറ്റോറിയത്തിന്റെ എസ്റ്റിമേറ്റ് തുക **37** കോടി രൂപയാണ്. ഇതിന്റെ ആദ്യ ഘട്ടപ്പണികൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും **5** കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
- **200 കിടക്കകളുള്ള കാർഡിയോളജി ബ്ലോക്ക് നിർമ്മാണം:** 36.41 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ഈ പദ്ധതി അന്തിമ ഘട്ടത്തിലാണ്. ഭരണാനുമതി നൽകിയ ഈ പദ്ധതിയുടെ നിർമ്മാണ ഏജൻസി ഹൈറ്റ്സ് ആണ്. 200 കിടക്കകൾ, 3 ഓപ്പറേഷൻ തീയറ്റർ, ICU കോംപ്ലക്സ് എന്നിവ ഈ കെട്ടിടത്തിൽ ഉൾപ്പെടുന്നു.
- **ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫെക്ഷ്യസ് ഡിസീസ്** NABARD **പ്രോജക്ട്:- 10.71** കോടി രൂപ മുതൽ മുടക്കിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്ക് നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകുകയും പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. **40%** പണികൾ പൂർത്തിയായി.

- **സൂപ്പർ സ്പെഷ്യാലിറ്റി & സർജിക്കൽ ബ്ലോക്ക് നിർമ്മാണം (564 കോടി) :-** മോഡേണൈസേഷൻ ഓഫ് ഗവ. മെഡിക്കൽ കോളേജ് കോട്ടയം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം മെഡിക്കൽ കോളേജിൽ സർജിക്കൽ ബ്ലോക്ക്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവയുടെ നിർമാണത്തിനായി കിഫ്ബി ധനസഹായത്തോടെ 564 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകുകയും, നിർമ്മാണ പ്രവർത്തികളുടെ നിർവഹണ ഏജൻസി ആയി ഹൈറ്റ്സ് നെ നിയമിക്കുകയും ചെയ്തു

**<u>സർജിക്കൽ ബ്ലോക്ക്</u>**

മോഡേണൈസേഷൻ ഓഫ് ഗവ. മെഡിക്കൽ കോളേജ് കോട്ടയം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി മുഖേന നിർമ്മിക്കുന്ന സർജിക്കൽ ബ്ലോക്ക് കെട്ടിടത്തിന് 279.15 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും നിർമ്മാണം പൂർത്തിയാക്കുകയും, ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. 8 നിലകളിലായി 14 ഓപ്പറേഷൻ തീയേറ്ററുകളും 22 കിടക്കകളുള്ള 2 ICU വും 526 കിടക്കകളും ടി ബ്ലോക്കിൽ ഉൾപ്പെടുന്നു.

**<u>സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്</u>**

മോഡേണൈസേഷൻ ഓഫ് ഗവ. മെഡിക്കൽ കോളേജ് കോട്ടയം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി മുഖേന നിർമ്മിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് കെട്ടിടത്തിന് 276.95 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകി. ഈ പണികളുടെ എസ്.പി.വി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി ഹൈറ്റ്സിനെയാണ് നിയോഗിച്ചിരിക്കുന്നത്. ടി കെട്ടിടത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു.

- കോട്ടയം ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഓഫ്താൽമോളജി വിഭാഗത്തിൽ **1,78,20,000/-** രൂപ ചെലവഴിച്ച് ജില്ലാ നിർമിതികേന്ദ്രം മുഖേന മോഡുലാർ ഓപ്പറേഷൻ തീയേറ്റർ നിർമ്മിക്കുകയും **2023** മെയ് **21**-ആം തീയതി ബഹു. മുഖ്യമന്ത്രി പ്രവർത്തനോദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു

- Ensuring Disabled and Elderly Friendly Environment in all Medical Colleges എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ **2021 - 22** സാമ്പത്തിക വർഷം വിവിധ മരാമത്ത് പ്രവർത്തികൾക്ക് **90,00,000/-** രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.
- സ.ഉ(സാധാ)നം.**2261/2022/**ആ.കു.വ, തീയതി **19/09/2022** പ്രകാരം Ensuring Disabled and Elderly Friendly Environment in all Medical Colleges എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ Toilet Complex നിർമ്മാണത്തിന് **25** ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.
- സ.ഉ(സാധാ)നം.**760/2023/**ആ.കു.വ, തീയതി **30/03/2023** പ്രകാരം കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ **2022-23** സാമ്പത്തിക വർഷം അസറ്റ് മെയിന്റനൻസ് ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ മെയിന്റനൻസ് പ്രവർത്തികൾക്ക് **2,56,60,000/-** രൂപയുടെ ഭരണാനുമതി നൽകി.
- സ.ഉ(സാധാ)നം.**2329/2023/**ആ.കു.വ, തീയതി **13/09/2023** പ്രകാരം (Creation of Patient Friendly Hospital Environment (DME) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി **2023-24** സാമ്പത്തിക വർഷം കോട്ടയം ഗവ. മെഡിക്കൽ കോളേജിലെ ഗൈനക്കോളജി ബ്ലോക്കിൽ Patient Waiting area യുടെ നിർമ്മാണത്തിന് **25** ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

- സ.ഉ(സാധാ)നം. **801/2024/ആ.കു.വ,** തീയതി **15/03/2024** പ്രകാരം കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ **2023-24** സാമ്പത്തിക വർഷം അസറ്റ് മെയിന്റനൻസ് ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ മെയിന്റനൻസ് പ്രവൃത്തികൾക്ക് **1,59,25,600/-** രൂപയുടെ ഭരണാനുമതി നൽകി.
- സ.ഉ (സാധാ)നം.**512/2025/ആ.കു.വ,** തീയതി **22/02/2025** പ്രകാരം കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ **2024-25** സാമ്പത്തിക വർഷം അസറ്റ് മെയിന്റനൻസ് ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ മെയിന്റനൻസ് പ്രവൃത്തികൾക്ക് **60,23,000/-** രൂപയുടെ ഭരണാനുമതി നൽകി.
- കൂടാതെ ഈ കാലയളവിൽ കോട്ടയം മെഡിക്കൽ കോളേജ് കുട്ടികളുടെ ആശുപത്രിയിൽ പുതിയ ഫാർമസി ബ്ലോക്ക്, കാഷ്വാലിറ്റി, എപിഡമിക്ക് ബ്ലോക്ക് തുടങ്ങിയ നിർമ്മാണ പ്രവർത്തികൾ ചെയ്തിട്ടുണ്ട്.
- 21.54 കോടി രൂപ ചെലവഴിച്ച് ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ നിർമ്മാണം ആരംഭിച്ചു.
- 1.37 കോടി രൂപ ചെലവഴിച്ച് എംഎൻസിയു സജ്ജീകരിച്ചു വരുന്നു.
- 1.56 കോടി രൂപ ചെലവഴിച്ച് ECRP - II - 25 ഐ സിയു ബെഡ്ഡുകളുടെ സജ്ജീകരണം പൂർത്തിയാക്കി
- 6.41 ലക്ഷം രൂപ ചെലവഴിച്ച് ECRP- II - 5 ഐ സിയു ബെഡ്ഡുകളുടെ സജ്ജീകരണം (ഐസി എച്ച്) പൂർത്തീകരിച്ചു.
- 69.89 ലക്ഷം രൂപ ചെലവഴിച്ച് ECRP II ന്റെ ഭാഗമായി 15 ഓക്സിജൻ കിടക്കകൾ 4 കിടക്കകളുള്ള HDU 2 കിടക്കകളുള്ള ICU എന്നിവ സജ്ജീകരിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.
- 56.07 ലക്ഷം രൂപ ചെലവഴിച്ച് പാൻഡെമിക് ഐസിയു- ഗൈനെക്കോളജി ബ്ലോക്കിൽ സജ്ജീകരിച്ചു.
- 19.02 ലക്ഷം രൂപ ചെലവഴിച്ച് ഗൈനക്കോളജി ബ്ലോക്കിൽ സമഗ്ര മുലയൂട്ടൽ പരിപാലന കേന്ദ്രം സജ്ജീകരിച്ചു. -

സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി

ഇടുക്കി മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹോസ്പിറ്റലിന് ആവശ്യമായ പുതിയ കെട്ടിടങ്ങളുടെ പണികൾ പൂർത്തിയായി വരുന്നു. വിദ്യാർത്ഥികൾക്ക് ആവശ്യമായ ഹോസ്റ്റലുകളുടെ പണി പൂർത്തിയാക്കി അവ ഉപയോഗത്തിന് കൈമാറിയിട്ടുണ്ട്. വിവിധ വിഭാഗത്തിലുള്ള ജീവനക്കാരുടെ താമസ സമുച്ചയങ്ങളുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ഇടുക്കി വികസന പാക്കേജിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന 10 കോടി രൂപയുടെ കാത്ത് ലാബിന്റെ പണികൾ പുരോഗമിച്ചു വരുന്നു. വിവിധ പ്ലാൻ സ്കീമുകളിൽ ഉൾപ്പെടുത്തി ആശുപത്രിയിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ, ഫർണീച്ചറുകൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. രോഗ നിർണ്ണയത്തിന് ആവശ്യമായ വിവിധ ടെസ്റ്റുകൾ ചെയ്യുന്നതിന് മികച്ച ലാബുകൾ നിർമ്മിക്കുകയും ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ചെറുതോണി ഡാമിൽ നിന്നും കോളേജിലേക്ക് പോകുന്ന റോഡ് നിർമ്മാണത്തിന് 5 കോടി രൂപയ്ക്കുള്ള ഭരണാനുമതി ഉത്തരവ് സ.ഉ(സാധാ)നം.601/2024/H&FWD, Dated: 27/02/2024 പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ ഉത്തരവ് നം. 122713/2022/23/MPLADS/DPO/IDK/JB-01, Dated: 05/03/2024 പ്രകാരം 1.5 കോടി രൂപ ചെലവിൽ ബഹു. ജോൺ ബ്രിട്ടാസ് എം.പി യുടെ വികസന ഫണ്ടിൽ നിന്നും മോഡുലാർ ഓപ്പറേഷൻ തീയറ്റർ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പണി

പുരോഗമിച്ചുവരുന്നു. ഉത്തരവ് നം. LSGD/JD/IDK/1333/2024/D1 പ്രകാരം രണ്ട് ഓപ്പറേഷൻ തീയറ്റർ സ്ഥാപിക്കുന്നതിന് ബഹു. റോഷി അഗസ്റ്റിൻ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 56 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. G.O(Rt)No.2499/2022/H&FWD, Dated: 17/10/2022 പ്രകാരം 18 കോടി 61 ലക്ഷം രൂപയ്ക്ക് റോഡ് ആന്റ് റീറ്റൈനിംഗ് വാൾ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്, പ്രസ്തുത വർക്ക് ആരംഭഘട്ടത്തിലാണ്. 3 കോടി രൂപ ചെലവഴിച്ച് ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂം 4 ബെഡ് എച്ച്.ഡി.യു, 2 ബെഡ് ഐ.സി.യു എന്നിവ സജ്ജമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.. 37.07 ലക്ഷം രൂപ ചെലവഴിച്ച് 250 കെ.വി ജനറേറ്റർ സ്ഥാപിച്ചു.

സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം

- എറണാകുളം സർക്കാർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 2021-25 വരെയുള്ള കാലയളവിൽ ബജറ്റ് വിഹിതമായി വികസന പ്രവർത്തനങ്ങൾക്ക് 24.16 കോടി രൂപയും വിവിധ ഉപകരണങ്ങൾക്കായി 8.32 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.
- എറണാകുളം മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി സാമ്പത്തിക സഹായത്തോടെ 285.31 കോടി രൂപ മുതൽ മുടക്കിൽ 8 നിലകളിലായി 683 കിടക്കകളുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.
- ടി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനസജ്ജമാകുന്നതോടെ Gynaecology, Paediatric Surgery, OMFS, Urology, Nephrology, Gastro, Cardiology, Cardio Thoracic Surgery, Neuro Surgery, PMR, Transfusion Medicine എന്നീ വിഭാഗങ്ങൾ പ്രവർത്തന സജ്ജമാകും.
- 23.75 കോടി രൂപ ചെലവഴിച്ച് 50 കിടക്കകളുള്ള ക്രിട്ടിക്കൽ ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
- ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ എമർജൻസി മെഡിസിൻ വിഭാഗവും ട്രോമാ കെയർ വിഭാഗവും കൂടുതൽ മെച്ചപ്പെടുത്താനാകും.
- 38.22 ലക്ഷം രൂപ ചെലവഴിച്ച് ECRP II ന്റെ ഭാഗമായി 8 കിടക്കകളുള്ള HDU 4 കിടക്കകളുള്ള ICU എന്നിവ സജ്ജീകരിച്ചു.

സർക്കാർ മെഡിക്കൽ കോളേജ്, തൃശൂർ

തൃശൂർ സർക്കാർ മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ പറയുന്നു പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

- ക്യാമ്പസ് സി.സി.ടി.വി സിസ്റ്റം സ്ഥാപിച്ചു 1.10 കോടി രൂപ
- കുട്ടികളുടെ ഐ.സി.യു സ്ഥാപിച്ചു 90 ലക്ഷം രൂപ
- ലിക്വിഡ് ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചു 83 ലക്ഷം രൂപ
- പുതിയ പി.ജി ഹോസ്റ്റൽ സ്ഥാപിച്ചു 13.72 കോടി രൂപ
- NELS ട്രയിനിംഗ് സെന്റർ സ്ഥാപിച്ചു 1.86 കോടി രൂപ
- തീപ്പൊള്ളൽ പരിചരണ യൂണിറ്റ് സ്ഥാപിച്ചു 2.69 കോടി (കേന്ദ്ര ഫണ്ട്) രൂപ
- സോളാർ ഇലക്ട്രിക്ക് പദ്ധതി നടപ്പാക്കി 1 കോടി രൂപ
- നെഞ്ചുരോഗാശുപത്രിയിൽ നിന്നും പുതിയ ആശുപത്രിയിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കി പുതിയ ആംബുലൻസ് ട്രാക്ക് നിർമ്മാണം - 42 ലക്ഷം രൂപ

- സർജ്ജിക്കൽ ഓങ്കോളജി ഒ.പി യും, ഒ.ടി യും സജ്ജമാക്കി - 2 കോടി രൂപ
- ട്രോമാ കെയർ & ട്രയാജ് കെട്ടിടം നിർമ്മിച്ചു - 7.04 കോടി രൂപ (കേന്ദ്ര ഫണ്ട്)
- എം.ആർ.ഐ സ്കാൻ സ്ഥാപിച്ചു - 6.90 കോടി രൂപ (ആർ.എസ്.ബി.വൈ ഫണ്ട്)
- ഡിജിറ്റൽ റേഡിയോഗ്രാഫി സ്ഥാപിച്ചു - 1.72 കോടി രൂപ
- ഡിജിറ്റൽ ഫ്ലൂറോസ്കോപ്പി സ്ഥാപിച്ചു - 60 ലക്ഷം രൂപ
- ഓട്ടിസം ബാധിച്ച കുട്ടികൾക്ക് സേവനം നൽകുന്നതിന് RBSK ട്രെയിനിംഗ് സെന്റർ നിർമ്മിച്ചു - 2.12 കോടി രൂപ
- ഓൺലൈൻ ഒ.പി ടിക്കറ്റ് ബുക്കിംഗ്, ലാബ് ഫലങ്ങൾ മൊബൈലിൽ ലഭിക്കുന്നതിനുള്ള സൗകര്യം യു.എച്ച്.ഐ.ഡി ക്രിയേഷൻ എന്നിവ ഉൾപ്പെടുത്തി ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി 1.35 കോടി രൂപ
- നവീകരിച്ച പവർ ലോൻഡ്രി - 60 ലക്ഷം രൂപ
- ബ്ലഡ് ബാങ്ക് നവീകരണം - 56.5 ലക്ഷം രൂപ
- കോംപ്രഹെൻസീവ് ലാക്ടേഷൻ മാനേജ്മെന്റ് സെന്റർ - 70 ലക്ഷം രൂപ
- പാരാമെഡിക്കൽ എഡ്യുക്കേഷൻ ബിൽഡിംഗ് - 2 കോടി രൂപ
- പി.ജി ക്വാർട്ടേഴ്സ് രണ്ടാം ഘട്ടം പൂർത്തിയാക്കി - 3 കോടി രൂപ
- ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം സ്ഥാപിച്ചു - 1.70 കോടി രൂപ
- ഐ.സി.യു ആംബുലൻസ് വാങ്ങി - 25 ലക്ഷം രൂപ
- തൃശൂർ ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ എൻ.എം.സി മാനദണ്ഡം അനുസരിച്ച് 1436 കിടക്കകൾ സജ്ജീകരിച്ചിട്ടുണ്ട്. അതോടൊപ്പം 238 ഫങ്ഷണൽ ബെഡുകൾ കൂടി അധികമായി വിവിധ വിഭാഗങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. 25 ക്ലിനിക്കൽ, നോൺ ക്ലിനിക്കൽ വിഭാഗങ്ങൾ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. 17 ഐ.സി.യു ക്രമീകരിച്ചിട്ടുണ്ട്. വാഹനാപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനായി ട്രോമാ കെയർ യൂണിറ്റ് 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നുണ്ട്. ആശുപത്രിയിൽ സൗജന്യ മരുന്നുകൾക്ക് പുറമേ ആശുപത്രിയിൽ ന്യായവില മെഡിക്കൽ ഷോപ്പുകൾ, കാരുണ്യ ഫാർമസി എന്നിവ പ്രവർത്തിച്ചു വരുന്നു. രോഗികൾക്ക് ആവശ്യമായി ശുചിമുറികൾ, കുടിവെള്ള സൗകര്യം, ലിഫ്റ്റുകൾ, പ്രീപെയ്ഡ് ആംബുലൻസ് സംവിധാനം എന്നിവയും ഒരുക്കിയിട്ടുണ്ട്.
- 89.35 ലക്ഷം രൂപ ചെലവഴിച്ച് ECRP II ന്റെ ഭാഗമായി HDU, ICU എന്നിവ സജ്ജീകരിച്ചു.
- 32 ലക്ഷം രൂപ ചെലവഴിച്ച് എസ്.എൻ.സി.യു. സജ്ജീകരിച്ചു.
- 40 ലക്ഷം രൂപ ചെലവഴിച്ച് സി.എൽ.എം.സി. സജ്ജീകരിച്ചു.
- 13.05 ലക്ഷം രൂപ ചെലവഴിച്ച് ഹീമോഫിലിയ ഹീമോഗ്ലോബിനോപതിക് ഡേ കെയർ സജ്ജീകരിച്ചു.
- 7.20 ലക്ഷം രൂപ ചെലവഴിച്ച് മോഡൽ സി.ഒ.പി.ഡി..സെൻറർ സജ്ജീകരിച്ചു.
- 1.32 കോടി രൂപ ചെലവഴിച്ച് എം.എൻ.സി.യു. പ്രവർത്തികൾ നടന്നു വരുന്നു.
- 23.75 കോടി രൂപ ചെലവഴിച്ച് ക്രിട്ടിക്കൽ കെയർ ബ്ലോക്ക് നിർമ്മാണം നടന്നു വരുന്നു.

സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി

- മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിൻറെ ഭാഗമായി 103.86 കോടി രൂപ ചെലവഴിച്ച് M/S കിറ്റ്കോ ചുമതലയിൽ G+4 നിലകളോടെ ബോയ്സ് ഹോസ്റ്റലും G+8 നിലകളോടെ ഗേൾസ്

ഹോസ്റ്റലും G+9 നിലകളോടെ നോൺ ടീച്ചിംഗ് സ്റ്റാഫ് ക്വാർട്ടേഴ്സും G+6 നിലകളോടെ ടീച്ചിംഗ് സ്റ്റാഫ് കോട്ടേഴ്സും നിർമ്മാണം പൂർത്തിയാക്കി വിദ്യാർത്ഥികളെയും ജീവനക്കാരെയും താമസിപ്പിച്ചിട്ടുണ്ട്.

- ഹോസ്റ്റലുകളിലേക്കും, കോർട്ടേഴ്സുകളിലേക്കും സുഗമമായി യാത്ര ചെയ്യുന്നതിന് BM & BC റോഡ് നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. B+G+1 നിലകളോടെ ആഡിറ്റോറിയം കെട്ടിടത്തിന്റെ സിവിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. MEP പ്രവർത്തികളും സീലിംഗ് പ്രവർത്തികളും ചെയ്യാനുണ്ട്. ടി പ്രവർത്തികൾ കൂടി പൂർത്തീകരിച്ചാൽ ഓഡിറ്റോറിയം വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്.
- അക്കാഡമിക് ബ്ലോക്കുകളോട് ചേർന്ന് G+1 നിലകളോടെ 84.48 ലക്ഷം രൂപ ചെലവഴിച്ച് പി.ഡബ്ല്യൂ.ഡി ചുമതലയിൽ കാന്റീൻ കെട്ടിടം നിർമ്മിക്കുകയും കുടുംബശ്രീ മുഖാന്തിരം പ്രവർത്തിച്ചുവരുകയും ആണ്.
- മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ 2.65 കോടി ചെലവഴിച്ച് പീഡിയാട്രിക് ഐ.സി.യു, എച്ച്.ഡി.യു വാർഡ് സജ്ജീകരിച്ചു.
- 1.78 കോടി രൂപ ചെലവഴിച്ച് കാഷ്വാലിറ്റി നവീകരിക്കുകയും ഒബ്സെർവേഷൻ റൂം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.
- 1.20 കോടി രൂപ ചെലവഴിച്ച് ആശുപത്രിയിലെ വാർഡുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള റാമ്പ് നിർമ്മിച്ചിട്ടുണ്ട്.
- 60 ലക്ഷം രൂപ ചെലവഴിച്ച് എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുകയും, ശുദ്ധീകരിച്ച ജലം പുനരുപയോഗിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുമുണ്ട്.
- 1.10 കോടി രൂപ ചെലവഴിച്ച് ഇന്റർവെൻഷണൽ റേഡിയോളജി ബ്ലോക്ക് നിർമ്മിച്ചിട്ടുണ്ട്.
- വൈദ്യുതി തടസ്സമില്ലാതെ ലഭ്യമാക്കുന്നതിന് 750 KVA ജനറേറ്റർ 1.38 കോടി രൂപ ചെലവിൽ പ്രവർത്തിച്ചു വരുന്നു.
- 1.20 കോടി രൂപ ചെലവഴിച്ച് ലേബർ റൂം വിപുലീകരിക്കുകയും കാർഡിയോളജി ഒ.പി യിലെ വെയിറ്റിംഗ് റൂം നവീകരിക്കുകയും ചെയ്തിട്ടുണ്ട്.
- 2.35 കോടി രൂപ ചെലവിൽ DHR-ICMR ലബോറട്ടറി സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- KHRWS മുഖേന 5 കോടി രൂപ ചെലവഴിച്ച് സി.ടി സ്കാൻ സ്ഥാപിച്ചിട്ടുണ്ട്.
- ബഹു. മലപ്പുറം എം.പി യുടെ MPLADS പദ്ധതി പ്രകാരം ഡയാലിസിസ് മെഷീൻ 58 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ചിട്ടുണ്ട്.
- ബഹു എം.എൽ.എ യു.എ ലത്തീഫ് അവർകളുടെ ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ അനുവദിച്ച് മോർച്ചറി നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്.
- എൻ.എച്ച്.എം മുഖേന 23.75 കോടി രൂപ ചെലവിൽ ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ പ്രവർത്തി നടന്നു വരുന്നു.
- 2021 അദ്ധ്യായന വർഷം മുതൽ ഓഫ്ത്താൽമോളജി, ഇ.എൻ.ടി, ഡെർമറ്റോളജി വിഭാഗങ്ങളിൽ 2 പി.ജി സീറ്റ് അനുവദിച്ചിട്ടുണ്ട്.
- 2.71 കോടി രൂപ ചെലവഴിച്ച് ECRP II ന്റെ ഭാഗമായി 8 കിടക്കകളുള്ള HDU, 4 കിടക്കകളുള്ള ICU, 30 ഓക്സിജൻ കിടക്കകളുള്ള വാർഡ് എന്നിവ സജ്ജീകരിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.
- 23.75 കോടി രൂപ ചെലവഴിച്ച് ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു.
- 11.75 ലക്ഷം രൂപ ചെലവഴിച്ച് സമഗ്ര മുലയൂട്ടൽ പരിപാലന കേന്ദ്രം സജ്ജീകരിക്കുന്ന

പ്രവർത്തികൾ നടന്നു വരുന്നു.

സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്

- മാസ്റ്റർ പ്ലാൻ: - മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി പുതിയ **OP & Diagnostic Block** നിർമ്മിക്കുന്നതിന് **187,50,37,631** രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
- കോഴിക്കോട് മെഡിക്കൽ കോളേജിൽ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായി **195.93** കോടി രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.
- ആധുനിക ട്രോമാ ചികിത്സാ രംഗത്ത് സ്വകാര്യ ആശുപത്രികളെപ്പോലെ മെച്ചപ്പെട്ട ചികിത്സ നൽകുവാനും സാധിക്കുമെന്ന നിലയിൽ ട്രോമാ കെയറിനായി പ്രത്യേകം കെട്ടിടം നിർമ്മിക്കുവാനായി **8** കോടി രൂപയും **G.O.(Rt)No.2407/2022/H&FWD, Dated: 02.10.2022** പ്രകാരം **3** കോടി രൂപയും അനുവദിച്ചു. നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു. ആദ്യ രണ്ടു ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തി ഡിസംബർ **2025** ഓട് കൂടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. **PWD** ആണ് നിർമ്മാണ പ്രവർത്തികൾ ചെയ്യുന്നത്.
- **4** കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ഡ്രഗ്ഗ് സ്റ്റോറിന്റെ നിർമ്മാണ പ്രവർത്തി പൂർത്തിയായി.
- **Men's Hostel :-** മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി **14** കോടി രൂപയുടെ ഭരണാനുമതി നൽകിയ ഹോസ്റ്റൽ - **1** ന്റെ **G+1** വർക്കുകൾ പൂർത്തിയായിട്ടുണ്ട്. **3.5** കോടി രൂപയ്ക്കുള്ള രണ്ടും മൂന്നും നിലകളുടെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. കൂടാതെ **G.O(Rt)No.1620/2020/H&FWD, Dated: 06.09.2020** പ്രകാരം **12.5** കോടി രൂപ ഭരണാനുമതി ലഭിച്ച ഹോസ്റ്റൽ **2** ന്റെ **(HSQ) G+1** പ്ലാനിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണം നല്ല രീതിയിൽ പുരോഗമിക്കുന്നു. **G.O(Rt) No.1922/2019/H&FWD, Dated: 05.08.2019** പ്രകാരം **8.4** കോടി രൂപയുടെ ഭരണാനുമതി നൽകിയ ഹോസ്റ്റൽ **3** ന്റെ ഗ്രൗണ്ട് + **1 st floor** വർക്കുകളും ആരംഭിച്ചിട്ടുണ്ട്. ഹോസ്റ്റൽ **1** ന്റെ ഒന്നും രണ്ടും ഫ്ലോറുകളുടെ നിർമ്മാണം പൂർത്തിയാകാറായി, **PWD** ആണ് നിർമ്മാണ പ്രവർത്തികൾ ചെയ്യുന്നത്.
- **Examination Hall:-** **13** കോടിയുടെ എക്സാമിനേഷൻ ഹാളിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയായി. **PWD** ആണ് നിർമ്മാണ പ്രവർത്തികൾ ചെയ്തത്. മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് പരീക്ഷകൾ, സെമിനാറുകൾ, അക്കാദമിക് സമ്മേളനങ്ങൾ എന്നിവയ്ക്ക് സൗകര്യമൊരുക്കുന്നതിനായി ആധുനിക സംവിധാനങ്ങളോടു കൂടിയ വിശാലമായ ഹാൾ നിർമ്മിക്കുകയായിരുന്നു ലക്ഷ്യം.
- **Stroke Unit:-** കോഴിക്കോട് മെഡിക്കൽ കോളേജിൽ നിർമ്മിക്കുന്ന സ്ട്രോക്ക് യൂണിറ്റിന് **5** കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. **PWD** ആണ് നിർമ്മാണ പ്രവർത്തികൾ ചെയ്തു വരുന്നത്. മൂന്ന് നിലകളുടെ **(Basement+Ground+1st floor)** സിവിൽ വർക്കുകൾ പൂർത്തിയായി. ത്വരിതമായ തിരിച്ചറിയൽ, അടിയന്തര ചികിത്സ, പുനരധിവാസം തുടങ്ങിയ സ്ട്രോക്ക് രോഗികളുടെ സമഗ്ര പരിചരണത്തിനായി

ഏറ്റവും പുതിയ സംവിധാനങ്ങളോടുകൂടിയ പ്രത്യേക വിഭാഗം സൃഷ്ടിക്കകയെന്നതാണ് ലക്ഷ്യം. ലിഫ്റ്റ് കൂടെ സ്ഥാപിച്ചു കഴിഞ്ഞാൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

- **Compound Wall:-** NMC മാനദണ്ഡ പ്രകാരവും സ്ഥാപനത്തിലെ വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും സുരക്ഷിതത്വത്തിനായി കോഴിക്കോട് മെഡിക്കൽ കോളേജിനു ചുറ്റുമതിൽ കെട്ടുന്നതിനായി **G.O(Rt)No.2329/2018/H&FWD, Dated: 20.07.2018** പ്രകാരം **5.92** കോടി രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തികൾ നടന്നുവരുകയും ചെയ്യുന്നുണ്ട്.
- കോഴിക്കോട് മെഡിക്കൽ കോളേജിൽ ബേൺസ് യൂണിറ്റ് നിർമ്മിക്കുന്നതിനായി **3.45** കോടി രൂപയുടെ ഭരണാനുമതി നൽകി. ഗുരുതരമായ പൊള്ളലേറ്റ രോഗികൾക്ക് അടിയന്തര ചികിത്സ, ശസ്ത്രക്രിയ, തുടർ പരിചരണം, പുനരധിവാസം എന്നിവ ഏകോപിതമായി ലഭ്യമാക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങളോടുകൂടിയ പ്രത്യേക വിഭാഗം സൃഷ്ടിക്കകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.
- **82.52** ലക്ഷം രൂപ ചെലവഴിച്ച് മദർ ആൻഡ് ന്യൂ ബോൺ കെയർ യൂണിറ്റ് (**MNCU**) സജ്ജീകരിച്ചു.
- **37.15** ലക്ഷം രൂപ ചെലവഴിച്ച് പീഡിയാട്രിക് **ICU** സജ്ജീകരിച്ചു.
- **1.60** കോടി രൂപ ചെലവഴിച്ച് ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂം സജ്ജീകരിച്ചു.
- **30.06** ലക്ഷം രൂപ ചെലവഴിച്ച് മുലപ്പാൽ ബാങ്ക് സജ്ജീകരിച്ചു.
- **1.64** കോടി രൂപ ചെലവഴിച്ച് ഹീമോഫീലിയ സെന്ററിന് വേണ്ടി പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു.
- **19.85** കോടി രൂപ ചെലവഴിച്ച് ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകി.

<u>സർക്കാർ മെഡിക്കൽ കോളേജ്, വയനാട്</u>

- **45** കോടി രൂപ ചെലവിൽ മൾട്ടി പർപ്പസ് ബ്ലോക്ക് യാഥാർത്ഥ്യമാക്കി.
- ടി കെട്ടിടത്തിൽ എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുന്നതിന് ആവശ്യമായ ലാബുകളും അനുബന്ധ സജ്ജീകരണങ്ങളും ഒരുക്കി ആരോഗ്യ സർവ്വ കലാശാലയുടെ അനുമതി ലഭ്യമാക്കി നാഷണൽ മെഡിക്കൽ കമ്മീഷന് അപേക്ഷ സമർപ്പിക്കുകയും ഈ അക്കാദമിക് വർഷം മുതൽ കോഴ്സ് ആരംഭിക്കുന്നതിന് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.
- **19.02.2021**- ലെ സർക്കാർ ഉത്തരവ് പ്രകാരം മെഡിക്കൽ കോളേജിന്റെ ആദ്യവർഷ ക്ലാസുകൾ ആരംഭിക്കുന്ന ആവശ്യകത കണക്കിലെടുത്ത് **115** അധ്യാപക തസ്തികകളും **25** അനധ്യാപക തസ്തികകളും ഉൾപ്പെടെ **140** തസ്തികകൾ അനുവദിച്ച് നിയമനം നടത്തിയിട്ടുണ്ട്.
- **8.23** കോടി വിനിയോഗിച്ച് കാത്ത് ലാബ് നിർമ്മാണം പൂർത്തിയാക്കി. ആൻജിയോപ്ലാസ്റ്റി സർജ്ജറികൾ ആരംഭിച്ചു.
- കാർഡിയോളജി വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾക്കായി **2** അധ്യാപക തസ്തികകൾ അനുവദിച്ച് നിയമനം നടത്തി.
- **60** സീറ്റുകളോട് കൂടി നഴ്സിംഗ് കോളേജ് ആരംഭിച്ചു.
- **2.30** കോടി വിനിയോഗിച്ച് മോഡേൺ മോർച്ചറി കോംപ്ലക്സ് ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.
- **18** ലക്ഷം ഉപയോഗിച്ച് പവർ ലോൺട്രി സ്ഥാപിച്ചു.
- ലക്ഷ്യ' പദ്ധതിയിൽ ഉൾപ്പെടുത്തി ലേബർ റൂം സ്റ്റാൻഡർഡൈസേഷൻ നടപ്പാക്കി.
- പീഡിയാട്രിക് ഐസിയു സജ്ജീകരിച്ചു.

- 45 ലക്ഷം ഉപയോഗിച്ച് പീഡിയാട്രിക് ഐസിയു പ്രവർത്തിക്കുന്നതിനാവശ്യമായ 250 കെവിഎ ജനറേറ്റർ സ്ഥാപിച്ചു.
- സംസ്ഥാനത്ത് ആദ്യമായി സിക്കിൾ സെൽ യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. വയനാട്ടിലെ 1187 സിക്കിൾ സെൽ രോഗികൾക്ക് ഇതൊരു ആശ്വാസമാണ്.
- ജില്ലയിൽ ആദ്യമായി അരിവാൾ കോശ രോഗിയിൽ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി.
- മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയയും മെഡിക്കൽ കോളജ് ആശുപത്രിയിൽ നടത്തി.
- 14 ലക്ഷം രൂപ ഉപയോഗിച്ച് പി.പി യൂണിറ്റ് 1 & 2 അപ്ഗ്രഡേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു.
- ഇ-ഹെൽത്ത്, ഇ-ഓഫീസ് സംവിധാനങ്ങൾ ആശുപത്രിയിൽ പ്രാവർത്തികമാക്കി.
- 70 ലക്ഷം വിനിയോഗിച്ച് സ്കിൽ ലാബ് സജ്ജമാക്കി.
- എം.ബി.എഫ്.എച്ച്.ഐ മുസ്കാൻ സർട്ടിഫിക്കേഷൻ ലഭ്യമാക്കി ലക്ഷ്യ സ്റ്റാൻഡേർഡിലേക്ക് ഉയർത്തി.
- 20.61 ലക്ഷം രൂപയുടെ ഓക്സിജൻ ജനറേറ്റർ പ്ലാൻറ് പൂർത്തിയായി.
- നവ കേരളം കർമപദ്ധതിയിൽ ഉൾപ്പെടുത്തി ഹരിത സ്ഥാപന പുരസ്കാരം വയനാട് സർക്കാർ മെഡിക്കൽ കോളേജിന് ലഭ്യമായി.
- 40 ലക്ഷം രൂപ ചെലവഴിച്ച് ഒഫ്ത്താൽമിക് യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ചു.
- 20 ലക്ഷം രൂപ ചെലവഴിച്ച് എസ്എൻസിയു സജ്ജീകരിച്ചു.
- 59.40 ലക്ഷം രൂപ ചെലവഴിച്ച് ECRP II ന്റെഭാഗമായി 8 കിടക്കകളുള്ള HDU, 4 കിടക്കകളുള്ള ICU, 30 ഓക്സിജൻ കിടക്കകളുള്ള വാർഡ് എന്നിവ സജ്ജീകരിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.
- 9.01 ലക്ഷം രൂപ ചെലവഴിച്ച് ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചു.
- 1.07 കോടി രൂപ ചെലവഴിച്ച് ഓപിഡി ട്രാൻസ്ഫോർമേഷൻ പ്രവർത്തി പൂർത്തീകരിച്ചു.
- 45.88 ലക്ഷം രൂപ ചെലവഴിച്ച് പീഡിയാട്രിക് ബ്ലോക്കിൽ ഡി ജി സെറ്റ് സജ്ജമാക്കി.
- 75 ലക്ഷം രൂപ ചെലവഴിച്ച് ടിബി സെന്റർ നവീകരിച്ചു.
- 8.65 ലക്ഷം രൂപ ചെലവഴിച്ച് സിക്കിൾ സെൽ വാർഡ് നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു.
- 2.60 കോടി രൂപ ചെലവഴിച്ച് മോഡേൺ മോർച്ചറി കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
- 1 കോടി രൂപ ചെലവഴിച്ച് ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂം നിർമ്മാണം പ്രവർത്തികൾ പൂർത്തീകരിച്ചു.
- 34.71 ലക്ഷം രൂപ ചെലവഴിച്ച് ലേബർറൂം പ്രവർത്തി പുരോഗമിക്കുന്നു. (അധിക പ്രവർത്തി)

<u>സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ</u>

1. മുൻ പരിയാരം സഹകരണ മെഡിക്കൽകോളേജ് സർക്കാർ പൂർണ്ണമായും ഏറ്റെടുത്ത് 02/03/2019 പ്രാബല്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഭരണ നിയന്ത്രണത്തിൽ കൊണ്ടുവന്നിട്ടുണ്ട്. അതിനായി ആദ്യം തന്നെ പ്രിൻസിപ്പൽ തസ്തിക ഉൾപ്പെടെ 11 അഡ്മിനിസ്ട്രേറ്റീവ് തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതാണ്. അത് കൂടാതെ മുൻ പരിയാരം മെഡിക്കൽ കോളേജിലെ ജീവനക്കാരെ സർക്കാർ സർവീസിലേക്ക് ആഗിരണം ചെയ്യുന്നതിൻറെ ആദ്യ പടിയായി 147 അദ്ധ്യാപക തസ്തികകളും, എൻ എം സി മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി 100 അധിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

നഴ്സിംഗ് വിഭാഗം ജീവനക്കാരെ ഏറ്റെടുക്കുന്നതിനായി 521 തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതും അതിലേക്കു ജീവനക്കാരുടെ ആഗിരണം പൂർത്തിയായിട്ടുള്ളതുമാണ്. മറ്റു വിഭാഗം ജീവനക്കാരെ ഏറ്റെടുക്കുന്നതിനായി 772 തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതും അതിൽ 43 ദന്തൽ അദ്ധ്യാപകർ, 26 ഫാർമസി അദ്ധ്യാപകർ, 27 നഴ്സിംഗ് അദ്ധ്യാപകർ എന്നിവരുടെ തസ്തികകളുടെ വർഗ്ഗീകരണം ലഭ്യമാകുകയും ടി അദ്ധ്യാപകരുടെ ആഗിരണനടപടികൾ അവസാനഘട്ടത്തിൽ ആയിട്ടുള്ളതുമാണ്. 772 തസ്തികകളിൽ ഉൾപ്പെട്ട 208 നഴ്സിംഗ് അസിസ്റ്റന്റ്/ഹോസ്പിറ്റൽ അറ്റൻഡന്റ് ജീവനക്കാരുടെ വർഗ്ഗീകരണം ലഭിച്ചിട്ടുള്ളതും ടി ജീവനക്കാരുടെ ആഗിരണ നടപടികൾ നടന്നുവരുന്നതുമാണ്. 209 പാരാമെഡിക്കൽ ജീവനക്കാരുടെ വർഗ്ഗീകരണം ലഭിച്ചിട്ടുള്ളതും, അതിൽ ഓപ്ഷൻ സമർപ്പിച്ച 101 ജീവനക്കാർക്ക് നിയമന ഉത്തരവ് നൽകി നിയമിച്ചിട്ടുള്ളതുമാണ്. ഇനി അവശേഷിക്കുന്ന 237 മിനിസ്റ്റീരിയാൽ വിഭാഗം ജീവനക്കാർ, 17 നോൺ ടീച്ചിംഗ് ദന്തൽ അദ്ധ്യാപകർ എന്നിവരുടെ തസ്തികകളുടെ വർഗ്ഗീകരണത്തിനുള്ള ശിപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അത് കൂടാതെ 22 നോൺ മെഡിക്കൽ അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശയും സർക്കാരിന്റെ പരിഗണനയിലാണ്.

2. 2021 - 22 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും 10, 69, 85, 000/- (പത്ത് കോടി അറുപത്തി ഒമ്പത് ലക്ഷത്തി എൺപത്തി അയ്യായിരം) രൂപയുടെ യന്ത്രോപകരണങ്ങൾ (ഡിജിറ്റൽ റേഡിയോഗ്രാഫി, ഐ.എ.ബി.പി മെഷീൻ, ഹാർട്ട് ലങ് മെഷീൻ, കാത്ത് ലാബ്, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, വെന്റിലേറ്റർ തുടങ്ങിയവ) വാങ്ങുകയും രോഗികളുടെ ചികിത്സക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. കൂടാതെ ക്യാൻസർ ചികിത്സയ്ക്കായി ബ്രാക്കിതെറാപ്പി മെഷീൻ വാങ്ങുന്നതിന് 4,28,81,780/- രൂപ അനുവദിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും അദർ ചാർജ്ജസ് എന്ന ശീർഷകത്തിൽ അനുവദിച്ച 1,99,04, 000/- (ഒരു കോടി തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തി നാലായിരം രൂപ മാത്രം) രൂപ ഉപയോഗിച്ച് വിവിധ ചെറുകിട ഉപകരണങ്ങൾ വാങ്ങി ആശുപത്രി പ്രവർത്തനം സുഗമമായി നടത്തി വരുന്നു. 2022 - 23 ൽ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 9,90,55,000/- (ഒമ്പത് കോടി തൊണ്ണൂറ് ലക്ഷത്തി അമ്പത്തിഅയ്യായിരം) രൂപയും മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 4,11, 37,000 (നാല് കോടി പതിനൊന്ന് ലക്ഷത്തി മുപ്പത്തിയേഴായിരം രൂപ മാത്രം) രൂപയുടേയും ഭരണാനുമതി ലഭിക്കുകയും ഈ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. 2023 - 24 ൽ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 8 കോടി രൂപയും മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 4.5 കോടി രൂപയുടേയും ഭരണാനുമതി ലഭിക്കുകയും ഈ ഉപകരണങ്ങൾ വാങ്ങിയിട്ടുമുണ്ട്. ഈ ഉപകരണങ്ങളുടെ സഹായത്തോടു കൂടി കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ എത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകാൻ സാധിക്കുന്നുണ്ട്.

3. കണ്ണൂർ ഗവ. മെഡിക്കൽ കോളേജിന്റെ ജല സംസ്കരണശാലയുടെ അറ്റകുറ്റപണിക്ക് പ്ലാൻ ഫണ്ടിൽ 90 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും കേരള ഗവ. അക്രഡിറ്റഡ് ഏജൻസിയായ IRTC അറ്റകുറ്റപണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്

4. **Registration cum waiting area** നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും (**Creation of Patient Friendly Hospital Environment - DME**) 1 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമരാമത്ത് വകുപ്പിലേക്ക് തുക കൈമാറുകയും ചെയ്തു. ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചു. ആർക്കിടെക്ചറൽ ഡ്രോയിംങ്സ്

അന്തിമമാക്കുന്ന നടപടികൾ നടന്നു വരുന്നു (2021-22).

5. ലേഡീസ് ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ, ഡി ടൈപ്പ് ക്വാർട്ടേഴ്സ് എന്നിവയുടെ അറ്റകുറ്റപണികൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും 2,06,01,000/- (രണ്ട് കോടി ആറ് ലക്ഷത്തി ഒരായിരം) രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമരാമത്ത് വിഭാഗം ഈ പണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് (2021-22)
6. 2021- 22 ൽ ആശുപത്രിയിൽ ലിഫ്റ്റ് (15 യാത്രക്കാർ) സ്ഥാപിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ (Ensuring Disabled & Elderly Friendly Environment in Medical Colleges) നിന്നും 30 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. കൂടാതെ 2022 - 23 ൽ Ensuring Disabled & Elderly Friendly Environment in Medical Colleges എന്ന പ്ലാൻ സ്കീമിൽ നിന്നും വിവിധ ജോലികൾക്കായി 40 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും രണ്ട് റാമ്പിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്..
7. പാരാമെഡിക്കൽ ഹോസ്റ്റൽ, നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 2021 -22 സാമ്പത്തിക വർഷത്തിൽ 22.71 കോടി രൂപയുടെ സമഗ്രമായ ഭരണാനുമതി നൽകുകയും ആദ്യ ഘട്ട പണിക്കായി 3 കോടി രൂപയും അനുവദിച്ചിരുന്നു ഇതിന്റെ ആർക്കിടെക്ചറൽ ഡ്രോയിംഗ്സ് അന്തിമമാക്കുന്ന നടപടികൾ നടന്നു വരുന്നു. തുടർന്ന് 2023-24 സാമ്പത്തിക വർഷത്തിൽ 3 കോടി രൂപയും, 2024-25 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപയും ബജറ്റിൽ വകയിരുത്തുകയും ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.
8. പി.ജി ഹോസ്റ്റൽ നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 2021 - 22 ൽ സാമ്പത്തിക വർഷത്തിൽ 28.16 കോടി രൂപയുടെ സമഗ്രമായ ഭരണാനുമതിയും ആദ്യ ഘട്ട പണിക്കായി 2 കോടി രൂപയും അനുവദിച്ചിരുന്നു. ഈ പ്രവർത്തിയുടെ ആർക്കിടെക്ചറൽ ഡ്രോയിംഗ്സ് അന്തിമമാക്കുകയും, സ്ട്രക്ചറൽ ഡിസൈൻ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവർത്തിക്കായി 2025 - 26 സാമ്പത്തിക വർഷത്തിൽ 3 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്
9. ഫാർമസി കോളേജിൽ അഡീഷണൽ ക്ലാസ് റൂം നിർമ്മാണത്തിനായി മൈനർ വർക്ക് എന്ന പ്ലാൻ ശീർഷകത്തിൽ 1 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് (2022-23)
10. Standardisation of Facilities in Maternal and Child Health Units in Medical College Hospital എന്ന പ്ലാൻ ശീർഷകത്തിൽ 1 കോടി രൂപയുടെ ഭരണാനുമതി നൽകി ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.
11. ഇ-ഹെൽത്ത് പദ്ധതി ആരംഭിച്ചു.
12. ബഹു. കല്ല്യാശ്ശേരി എം.എൽ.എ ശ്രീ. ടി.വി. രാജേഷിന്റെ ആസ്തി വികസന ഫണ്ട് (11.77 ലക്ഷം രൂപ) ഉപയോഗിച്ച് വൈറോളജി ലാബ് സ്ഥാപിച്ചിട്ടുണ്ട്.
13. കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ പദ്ധതിയുടെ ഭാഗമായി 7 കോടി രൂപ ചിലവിട്ട് നിർമ്മിച്ച 400 മീറ്റർ സിന്തറ്റിക് ട്രാക്കും, 58 ലക്ഷം രൂപ ചിലവിട്ട് ഫുട്ബോൾ ഗ്രൗണ്ടും നിർമ്മിച്ചു.
14. ഫാർമസിയുടെ നവീകരണ പ്രവൃത്തിയും മരുന്ന് സംഭരണശാലയുടെ പ്രവൃത്തിയും പൂർത്തീകരിച്ചു.
15. മൈനർ വർക്ക്സ് ശീർഷകത്തിൽ Revamping of roofing the terrace level of existing examination hall area യ്ക്ക് വേണ്ടി 85 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.
16. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഓക്സിജൻ ജനറേഷൻ പ്ലാന്റ്

നിർമ്മിച്ചു. ആയതിന് കെട്ടിടം നിർമ്മിക്കുന്നതിനായി 30 ലക്ഷം രൂപ വിനിയോഗിച്ചു നിർമ്മാണം പൂർത്തീകരിച്ചു.

17. കോവിഡ് മഹാമാരിയെ കാര്യക്ഷമമായി നേരിടുന്നതിന് 14,45,000/- രൂപ ചെലവിൽ ഹൈ ഡിപ്പന്റൻസി യൂണിറ്റ് സ്ഥാപിച്ചു.
18. കോവിഡ് മഹാമാരിയെ കാര്യക്ഷമമായി നേരിടുന്നതിന് അതിഥി തൊഴിലാളികൾക്കായി 14,79,994/- (പതിനാല് കോടി ലക്ഷത്തി എഴുപത്തിഒൻപത് ലക്ഷത്തി തൊള്ളായിരത്തി തൊണ്ണൂറ്റി നാല് രൂപ മാത്രം) ഉപയോഗപ്പെടുത്തി ലേബറേഴ്സ് വാർഡും ഐ.സി.യു വും നിർമ്മിച്ചു.
19. കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ പുതുതായി പ്ലാസ്റ്റിക്ക് സർജറി വിഭാഗം ആരംഭിച്ചു.
20. 2023-24 സാമ്പത്തിക വർഷത്തിൽ മൈനർ വർക്ക്സ് ശീർഷകത്തിൽ വിവിധ വർക്കുകൾക്ക് വേണ്ടി 2.15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. വിവിധ നവീകരണ പ്രവൃത്തികൾ നടന്നു.
21. ബഹു. കല്ല്യാശ്ശേരി എം.എൽ.എ ശ്രീ. എം വിജിന്റെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 2 ഹൈമാസ് ലൈറ്റും, 2 മിനി മാസ് ലൈറ്റും സ്ഥാപിച്ചു.
22. ബഹു. കല്ല്യാശ്ശേരി എം.എൽ.എ ശ്രീ. എം.വിജിന്റെ ആസ്തി വികസന ഫണ്ട് 4,60,000/- (നാല് ലക്ഷത്തി അറുപതിനായിരം) രൂപ ഉപയോഗിച്ച് 12 വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിച്ചു.(2024-25)
23. ബഹു. കല്ല്യാശ്ശേരി എം.എൽ.എ ശ്രീ. എം വിജിന്റെ ആസ്തി വികസന ഫണ്ട് 35,00,000/- (മുപ്പത്തി അഞ്ച് ലക്ഷം) രൂപ ഉപയോഗിച്ച് 49 സീറ്റ് ബസ് വാങ്ങി. (2023-24)
24. Viral Research Diagnostic Laboratory (VRDL) സ്ഥാപിക്കുന്നതിനും നടത്തിപ്പിനുമായി 1971 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി പ്രവർത്തനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. (2022 - 23)
25. ഡ്രഗ് സ്റ്റോർ നിർമ്മിക്കുന്നതിന് 3.5 കോടി രൂപയുടെ ഭരണാനുമതി നൽകി.
26. "Increase of PG seats in State Government Medical Colleges" എന്ന സ്കീമിൽ 15 പിജി സീറ്റുകൾ അധികമായി ലഭിച്ചു. ഇതിന് 8.93 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇത് പ്രകാരം വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.
27. മലിനജല ശുദ്ധീകരണശാലയുടെ നവീകരണ പ്രവർത്തിക്ക് 74.93 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും കേരള ഗവ. അക്രഡിറ്റഡ് ഏജൻസിയായ IRTC വഴി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
28. 50 കിടക്കകളോട് കൂടിയ ഒരു ക്രിട്ടിക്കൽ കെയർ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മിക്കുന്നതിന് 21.75 കോടി രൂപയുടെ ഭരണാനുമതി നൽകി. ടെണ്ടർ നടപടികൾ പൂർത്തിയായി.
29. 2024-25 സാമ്പത്തിക വർഷത്തിൽ മൈനർ വർക്സ് എന്ന ശീർഷകത്തിൽ 2.15 കോടി രൂപ അനുവദിച്ചു.
30. 2024-25 സാമ്പത്തിക വർഷത്തിൽ 19 M&E എന്ന ശീർഷകത്തിൽ 35 ലക്ഷം രൂപയും, 24 M&S ൽ 2.6 കോടി രൂപയും, 34 other charges - ൽ 1.84 കോടി രൂപയും ഭരണാനുമതി നൽകുകയും സാധന സാമഗ്രികൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.
31. 'National One Health Programme for Prevention and Control of Zoo noses (NOHP-PCZ) പ്രകാരം Sentinel Surveillance Sites for Zoonotic Diseases സ്ഥാപിക്കുന്നതിന് 2024-25 സാമ്പത്തിക വർഷത്തേക്ക് 16.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ആയതിന്റെ

പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

32. 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ 13 കോടി രൂപ വിവിധ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവെച്ചിട്ടുണ്ട്. കൂടാതെ MRI Machine വാങ്ങുന്നതിനായി 13.74 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
33. ആശുപത്രി രോഗീ സൗഹൃദമാക്കുന്നതിനായി എമർജൻസി മെഡിസിൻ വിഭാഗത്തിനടുത്തായി കൺട്രോൾ റൂം സ്ഥാപിച്ചു പ്രവർത്തിച്ചു വരുന്നുണ്ട്.
34. Kerala Housing Board ന്റെ 6 കോടി രൂപ ഉപയോഗിച്ച് നടപ്പിലാക്കുന്ന ആശ്വാസ് ഭവന പദ്ധതിയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു.
35. കാസർഗോഡ് എം.പി ശ്രീ. രാജ് മോഹൻ ഉണ്ണിത്താന്റെ ആസ്തി വികസന ഫണ്ട് 18 ലക്ഷം രൂപ ഉപയോഗപ്പെടുത്തി മെൻസ് ഹോസ്റ്റൽ നവീകരണ പ്രവർത്തിക്ക് അനുമതിയായി.
36. രാജ്യസഭ എം.പി. ശ്രീ. വി ശിവദാസന്റെ ആസ്തി വികസന ഫണ്ട് 35 ലക്ഷം രൂപ ഉപയോഗപ്പെടുത്തി 46 സീറ്റ് ബസ് വാങ്ങിയിട്ടുണ്ട്.
37. ഫാർമസി കോളേജിൽ പുതുതായി എം.ഫാം ന് ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി & ഫാർമസി പ്രാക്ടീസ് എന്ന വിഷയത്തിൽ 12 സീറ്റിന് ഗവൺമെന്റിൽ നിന്നും അംഗീകാരം നൽകിയിട്ടുണ്ട്. അടുത്ത വർഷം മുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.
38. കണ്ണൂർ ഗവ. മെഡിക്കൽ കോളേജിന്റെ അടിസ്ഥാന വികസനത്തിനായി കിഫ്ബി ഫണ്ടിൽ നിന്നും 124.95 കോടി രൂപയുടെ ഭരണാനുമതി നൽകി.

| | |
|---|---|
| മെയിന്റനൻസ് ഫേസ് - 1 | 29.78 കോടി |
| ട്രോമാകെയർ ഫേസ് - 1 | 57.69 കോടി |
| ട്രോമാകെയർ ഫേസ് - 2 | 37.48 കോടി |

മെയിന്റനൻസ് ഫേസ് - I പ്രകാരമുള്ള 35.52 കോടി രൂപയുടെ പ്രവർത്തികൾക്ക് സാങ്കേതിക അനുമതി ലഭിക്കുകയും പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം 85% പ്രവൃത്തികൾ നിലവിൽ പൂർത്തിയായിട്ടുണ്ട്

ട്രോമാകെയർ ഫേസ് - I ന്റെ പ്രവർത്തികൾക്ക് 88.4 കോടി രൂപയുടെ സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

- 17.31 ലക്ഷം രൂപ ചെലവഴിച്ച് ECRP II ന്റെ ഭാഗമായി 12, കിടക്കകളുള്ള ICU സജ്ജീകരിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

## സർക്കാർ മെഡിക്കൽ കോളേജ്, കാസർഗോഡ്

കാസർഗോഡ് മെഡിക്കൽ കോളേജിൽ 2025-26 അദ്ധ്യയന വർഷത്തിൽ എം.ബി.ബി.എസ് കോഴ്സ് തുടങ്ങാനുള്ള അനുമതി നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിന്നും കേരള ഹെൽത്ത് യൂണിവേഴ്സിറ്റിയിൽ നിന്ന് അഫിലിയേഷനും ലഭിച്ചിട്ടുണ്ട്. ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. കാസറഗോഡ് ഡെവലപ്മെന്റ് പാക്കേജ് മുഖേന 25 കോടിയോളം രൂപ ചെലവഴിച്ച് അക്കാദമിക് ബ്ലോക്ക് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് താമസിക്കാനുള്ള ഗേൾസ് ഹോസ്റ്റലും സ്റ്റാഫിന് താമസിക്കാനുള്ള ടീച്ചിംഗ് ക്വാർട്ടേഴ്സും കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി തന്നെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയായി വരുന്നുണ്ട്. പ്രസ്തുത കെട്ടിടങ്ങളിലെ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ കിഫ്ബി

മുഖേനയാണ് ചെയ്യുന്നത്. ടി പ്രവൃത്തി നിലവിൽ ടെണ്ടർ സ്റ്റേജിലാണ്. ഈ വർഷം തന്നെ അധ്യയനം ആരംഭിക്കുന്ന അവസരത്തിൽ ഉടനടി ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. കാസർഗോഡ് ഉക്കിനടുക്കയിലുള്ള മെഡിക്കൽ കോളേജ് ക്യാമ്പസിൽ 500 കിടക്കകളുള്ള ആശുപത്രി ബ്ലോക്കിന്റെ പണി നടന്നു വരുന്നു. 57 ശതമാനത്തോളം പൂർത്തിയായ ഇതിന്റെ നിർമ്മാണ പ്രവർത്തനത്തിൽ നിന്നും പലവിധ കാരണങ്ങളാൽ കോൺട്രാക്ടർ പിന്മാറിയ സാഹചര്യത്തിൽ ടി കരാറുകാരനുമായുള്ള എഗ്രിമെന്റ് അവസാനിപ്പിച്ച് ഉടനടി പണി പുനരാരംഭിക്കുന്നതിനും, യുദ്ധകാല അടിസ്ഥാനത്തിൽ പൂർത്തിയാക്കി ആശുപത്രി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പണി പൂർത്തിയാക്കിയ അക്കാദമിക് ബ്ലോക്കിൽ ഇപ്പോൾ മെഡിക്കൽ കോളേജിൽ ഒ.പി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കാസറഗോഡ് നഴ്സിംഗ് കോളേജും ടി ബ്ലോക്കിൽ പ്രവർത്തിക്കുന്നു. അക്കാദമിക് ബ്ലോക്കിൽ അധ്യയനം ആരംഭിക്കുന്നതിനോടനുബന്ധിച്ച് മോഡുലാർ ലാബുകൾ സജ്ജീകരിക്കുന്നതിനായി 2.3 കോടി രൂപയുടെ ഭരണാനുമതി നൽകിട്ടുണ്ട്. മോഡുലാർ ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കാൻ കഴിയുന്നതാണ്.

**സെക്ഷൻ ഓഫീസർ**